# POPULAR ARTICLES IN BOOKS



ഡോ. ടി.എ. മുഹമ്മദ്
(അസോസിയേറ്റ് പ്രഫസർ, ഫാറൂഖ് കോളേജ്)

# ഫാറൂഖിന്റെ ഇന്നലെകൾ - ജലീൽ സാഹിബുമായി ഒരു മുഖാമുഖം




വ്യക്തി ചിത്രം

ഫാറൂഖ് കോളേജിന്റെ ഇന്നലെകളെക്കുറിച്ചറിയാനുള്ള അദമ്യമായ ആഗ്രഹവുമായി, അസുഖമായി കിടപ്പിലാകുന്നതിനല്പം മുമ്പ് ഒരു വൈകുന്നേരം ഞാൻ ജലീൽ സാഹിബിന്റെ വീട്ടിലേക്ക് കടന്നു ചെന്നു. അല്പം ഉൾകിടിലത്തോടെ തന്നെ. എന്നാൽ ആഗമനോദ്ദേശം അറിയിച്ചപ്പോൾ മറ്റൊരു ജലീൽ സാഹിബിനെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. ആവേശത്തോടെ അദ്ദേഹം പഴയ കഥകൾ അയവിറക്കാൻ തുടങ്ങി. ഇരുപത്തിരണ്ട് കൊല്ലം ഫാറൂഖിന്റെ പ്രിൻസിപ്പലും നാലു വർഷം കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറും കേരളാ വഖഫ് ബോർഡ് ചെയർമാനുമെല്ലാമായിരുന്ന അദ്ദേഹം ആ മേലങ്കികളെല്ലാം മാറ്റിവെച്ചു കൊണ്ട് എന്നോട് ഉള്ളുതുറക്കാൻ തുടങ്ങി. രണ്ട് മണിക്കൂറിലധികം നീണ്ടുനിന്ന ആ സംസാരത്തിന്റെ പ്രസക്തഭാഗങ്ങൾ ഞാനിവിടെ കുറിക്കട്ടെ.

വാണിയമ്പാടി ഇസ്‌ലാമിയ കോളേജിൽ ഇംഗ്ലീഷ് അധ്യാപകനായിട്ടായിരുന്നുവല്ലോ ജലീൽ സാഹിബിന്റെ ഔദ്യോഗിക ജീവിതത്തിന്റെ തുടക്കം.[1] അക്കാലത്തു തന്നെ അദ്ദേഹം മദിരാശിയിൽ നിന്നും ഇറങ്ങിയിരുന്ന 'ഡക്കാൻ ടൈംസ്' എന്ന വാരികയിൽ ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. ആയിടയ്ക്കാണ് അതേ പത്രത്തിൽ ഒരു വാർത്ത അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുന്നത്. 'മലബാറിൽ മുസ്‌ലിംകൾ ഒരു കോളേജ് തുടങ്ങാൻ പോകുന്നു.' ഉടനെ തന്നെ അദ്ദേഹം വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചു. സംഗതി ശരിയാണെന്നും എറണാകുളം തേവര സേക്രട്ട് ഹാർട്ട് കോളേജിലെ പ്രഫ. സി.ജെ. വർക്കിയെ പ്രിൻസിപ്പലാക്കിക്കൊണ്ട് കോളേജ് ഉടനെ പ്രവർത്തനമാരംഭിക്കാൻ പോവുകയാണെന്നുമുള്ള വിവരം കിട്ടി. ഒരു ഉറച്ച കോൺഗ്രസ് പ്രവർത്തകനായിരുന്നുവത്രെ പ്രിൻസിപ്പലായി നാമനിർദ്ദേശം ചെയ്യപ്പെട്ട ശ്രീ. വർക്കി. അതുകൊണ്ടു തന്നെ, അദ്ദേഹം പ്രിൻസിപ്പലാവുകയാണെങ്കിൽ അത് കോളേജിന്റെ അഫിലിയേഷൻ സംബന്ധമായ കാര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുമെന്നു മനസ്സിലാക്കിയ മാനേജ്മെന്റ് തീരുമാനം മാറ്റുകയും സർക്കാർ സർവ്വീസിൽ ജോലി ചെയ്യുകയായിരുന്ന പ്രഫ. എം. മൊയ്തീൻ ഷായെ പ്രിൻസിപ്പലായി നിയമിക്കുകയുമാണ് ചെയ്തത്.

ഏതായാലും ജലീൽ സാഹിബ് 1948 ജൂൺ ആദ്യത്തിൽ തന്നെ ഫറൂക്കിൽ വന്നു, അബുസ്സബാഹ് മൗലവി സാഹിബിനെയും മറ്റും കണ്ടു. അന്ന് കോഴിക്കോട് വെച്ചു നടന്ന മാനേജിംഗ് കമ്മറ്റി മീറ്റിംഗിലും പങ്കെടുത്തു. ഫറൂക്കിലെ ജോലി ഉറപ്പ് കൊടുത്തതുകൊണ്ട് വാണിയമ്പാടി ഇസ്‌ലാമിയ കോളേജിലെ ജോലി രാജിവെക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ രണ്ട് മാസം കഴിഞ്ഞിട്ടും ഫറൂക്കിൽ നിന്നും ഒരു വിവരവും കിട്ടിയതുമില്ല.

അങ്ങനെ വിഷണ്ണനായിരിക്കെയാണ് കോളേജിൽ ഉടനെ ജോയിൻ ചെയ്യണമെന്നറിയിച്ചു കൊണ്ടുള്ള കമ്പി സന്ദേശം ആഗസ്റ്റ് 5നു കിട്ടുന്നത്. ഉടനെ ത്തന്നെ ആഗസ്റ്റ് 13ന് വന്നു ജോയിൻ ചെയ്തു. പിന്നെയും ഒരു മാസം കഴിഞ്ഞിട്ടാണ് ഷാ സാഹിബ് പ്രിൻസിപ്പലായി ജോയിൻ ചെയ്യുന്നത്. ഡെപ്യൂട്ടേ ഷൻ കാര്യങ്ങൾ ശരിയാവാത്തതായിരുന്നു കാര ണം. അതുകൊണ്ട് ആ സമയത്ത് 'ഫോർ പ്രിൻസി പ്പൽ' എന്നു വെച്ചുകൊണ്ട് പലേ കടലാസിലും ഒപ്പി ട്ടത് ജലീൽ സാഹിബ് തന്നെയായിരുന്നു.

1948 ആഗസ്റ്റിൽ ചുങ്കം മൂന്നിലകം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കോളേജ് ഡിസംബറോടെ ഇരുമൂളിപ്പറമ്പിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടു. അറ ബിക് കോളേജിനായി പണിത കെട്ടിടത്തിൽ കോളേജ് തുടങ്ങുകയും അറബി കോളേജ് പടി ഞ്ഞാറ് ഭാഗത്തേക്ക് മാറ്റുകയും ചെയ്തു. കോളേജ് പുതിയ സ്ഥലത്തേക്കു മാറ്റിയെങ്കിലും ജലീൽ സാഹിബിന്റെയും മറ്റും താമസം ചുങ്കത്തു തന്നെ യായിരുന്നു. കോട്ടും ടൈയും ഷർവാണിയുമെല്ലാ മായി സ്റ്റൈലിലായിരുന്നു അന്നത്തെ അധ്യാപക രുടെ വസ്ത്രധാരണം. ഈ വേഷത്തിൽ ഏതു മഴ യത്തും വെയിലത്തും ചുങ്കം മുതൽ കോളേജു വരെ രാവിലെ അങ്ങോട്ടും വൈകുന്നേരം ക്ലാസ് കഴിഞ്ഞ് ഇങ്ങോട്ടും നടക്കും. ചുങ്കത്ത് നിന്ന് കോളേജിലേക്ക് അന്ന് നല്ല റോഡുമില്ല, വാഹന സൗകര്യവുമില്ല. സാവധാനത്തിലാണ് ഇവയെല്ലാം ശരിയായത്, പിന്നെയും കുറേ കഴിഞ്ഞാണ് വൈദ്യുതി എത്തു ന്നത്.

കാര്യങ്ങൾ എല്ലാം ഒരുവിധം ഭംഗിയായി പോകു ന്നതിനിടക്കാണ് കോളേജിന്നടുത്ത് 1953ൽ ഒരു സംഭവം നടക്കുന്നത്. പ്രമാദമായ ഒരു കൊലപാത കം. കോളേജിലെ ഇംഗ്ലീഷ് അധ്യാപകനായിരുന്ന പ്രഫ. എം. മുഹമ്മദ് എങ്ങനെയോ ഈ കേസിൽ പ്രതി ചേർക്കപ്പെട്ടു. കോളേജിന്റെ പിറവി മുതൽ അതിനെ എങ്ങനെയെങ്കിലും നക്കിക്കൊല്ലാൻ ശ്രമി ക്കുന്ന ദുഷ്ടശക്തികൾ ഈ അവസരം നന്നായി ഉപയോഗ പ്പെടുത്തുകയും കോളേജിന്റെ സൽപ്പേരിന് കളങ്കം ചാർത്താനായി ദുഷ്പ്രചരണങ്ങൾ അഴിച്ചു വിടുകയും ചെയ്തു. അതിന്റെ സത്യാവസ്ഥ ജലീൽ സാഹിബ് വിവരിക്കുന്നത് ഇങ്ങനെയാണ്. ആ ഹോസ്റ്റലിന്റെ (ഇപ്പോഴത്തെ അൽ ഫാറൂഖ് ഇംഗ്ലീഷ് മീഡിയം സ്കൂൾ) വാർഡനായിരുന്നു അന്ന് പ്രഫ. എം. മുഹമ്മദ്. അദ്ദേഹവും ജലീൽ സാഹിബും കൂടി അന്ന് കോഴിക്കോട് ക്രൗൺ തിയേറ്ററിൽ ഫസ്റ്റ് ഷോ സിനിമ കാണാൻ പോയതായിരുന്നു. തിരിച്ചുവന്ന പ്പോൾ രാത്രി പത്തുമണിയായി. ഭക്ഷണം കഴിച്ചു കൊണ്ടിരിക്കെയാണ് പടിഞ്ഞാറ് വടക്യാ ഭാഗത്തു നിന്ന് ഒരു ഒച്ചപ്പാട് കേട്ടത്. ഉടനെ തന്നെ പ്രഫസർ മുഹമ്മദ് സ്ഥിതി അറിയാനായി അങ്ങോട്ടു പോയി. തിരക്കിനിടയിൽ അദ്ദേഹത്തിന്റെ ഒരു ഷൂ എങ്ങനെയോ അവിടെ കുടുങ്ങി. അതാണ് കൊലപാതക സംഭവത്തിൽ തൊണ്ടിയാക്കപ്പെട്ടതും അദ്ദേഹം പ്രതിയാക്കപ്പെടാനിടയാക്കിയതും. ഈ സംഭവവും ഷാ സാഹിബ് അത് ഡീൽ ചെയ്ത രീതിയും സ്റ്റാഫിനിടയിലും മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കിടയിലും അമർഷം ഉണ്ടാക്കി. 1957ൽ ഷാ സാഹിബിന്റെ ഡെപ്യൂട്ടേഷൻ നീട്ടികൊടു ക്കേണ്ട എന്ന് തീരുമാനി ക്കപ്പെടാൻ ഇതും ഒരു കാരണ മായി. വിദ്യാർത്ഥികൾ അദ്ദേഹ ത്തിന് അനുകൂലമായി രംഗത്തു വരികയും പ്രക്ഷോഭം നടത്തു കയും ചെയ്തു.

**ഫാറൂഖ് കോളേജിലെ ആദ്യത്തെ അധ്യാപകൻ ആരാണ്? അതിന്റെ പേരിൽ കോളേജിന്റെ നാല്പതാം വാർഷികാ ഘോഷ സമയത്ത് പൂർവ്വ വിദ്യാർത്ഥികളുടെ പരിപാടി ക്കിടെ ചില്ലറ കശപിശ ഉണ്ടായതാണ്. ജലീൽ സാഹിബോ വി. മുഹമ്മദ് സാഹിബോ? ജലീൽ സാഹിബ് തെല്ലും വിമ്മി ഷ്ടമില്ലാതെ പറഞ്ഞു. "ആദ്യമായി ജോലിക്ക് വേണ്ടി ശ്രമി ച്ചത് താനാണെങ്കിലും ജോലിയിൽ കയറിയത് താനല്ല. അത് വി. മുഹമ്മദ് സാഹിബോ ടി. കുര്യാക്കോസ് മാഷോ ആയി രിക്കും."**

കാര്യങ്ങൾ ഇങ്ങനെ കുഴ ഞ്ഞുമറിഞ്ഞ അവസ്ഥയിലാണ് 1957 മെയ് 5-ാം തിയ്യതി ജലീൽ സാഹിബ് ഫാറൂഖ് കോളേ ജിന്റെ പ്രധാനാധ്യാപകനായി ചാർജ്ജെടുക്കുന്നത്. അതൊരു യുഗപ്പിറവിയായിരുന്നു. ഫാറൂഖ് കോളേജിനെ സംബ ന്ധിച്ചിടത്തോളം ഒരു 'റിയൽ ടെയ്ക് ഓഫ്.'

ധാരമുറിയാതെ അദ്ദേഹം സംസാരിക്കുന്നതിനി ടയിൽ രണ്ട് കാര്യങ്ങൾ ഞാൻ ചോദിച്ചു. ഒന്നാമതു ചോദിച്ചത് ഈ 'ഫാറൂഖ് കോളേജ്' എന്ന പേര് ആരാണ് നിർദ്ദേശിച്ചത് എന്നാണ്. 'റൗസത്തുൽ ഉലൂം ആർട്സ് ആന്റ് സയൻസ് കോളേജ്' എന്ന പേരിലാണ് കമ്മറ്റിക്കാർ മദിരാശി സർവകലാശാല യിലേക്ക് ആദ്യം അപേക്ഷ അയച്ചത്. പിന്നീടത് ഫാറൂഖ് കോളേജ് എന്ന് മാറ്റുകയാണ് ചെയ്തത്. മദിരാശി സർവകലാശാലാ വൈസ് ചാൻസലറായി രുന്ന ഡോ. ലക്ഷ്മണ സ്വാമി മുതലിയാരാണ് അങ്ങനെ ചെയ്തത് എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ ഡോ. എം. അബ്ദുൽ ഹഖിന്റെ[2] അഭിപ്രായമനുസരിച്ച് മാറ്റിയതാകാനാണ് സാധ്യത. രണ്ടാമത്തെ കാര്യം തെല്ലൊരു ഭയത്തോടെ തന്നെ യാണ് ചോദിച്ചത്. കാര്യം മറ്റൊന്നുമല്ല, ഫാറൂഖ് കോളേജിലെ ആദ്യത്തെ അധ്യാപകൻ ആരാണ്? അതിന്റെ പേരിൽ കോളേജിന്റെ നാല്പതാം വാർഷി കാഘോഷ സമയത്ത് പൂർവ്വ വിദ്യാർത്ഥികളുടെ പരി



ാടിക്കിടെ ചില്ലറ കശപിശ ഉണ്ടായതാണ്. ജലീൽ സാഹിബോ വി. മുഹമ്മദ് സാഹിബോ? ജലീൽ സാഹിബ് തെല്ലും വിമ്മിഷ്ടമില്ലാതെ പറഞ്ഞു. "ആദ്യമായി ജോലിക്ക് വേണ്ടി ശ്രമിച്ചത് താനാണെങ്കിലും ജോലിയിൽ കയറിയത് താനല്ല. അത് വി. മുഹമ്മദ് സാഹിബോ ടി. കുര്യാക്കോസ് മാഷോ ആയിരിക്കും."

അദ്ദേഹം കഥ തുടരുകയാണ്. വളരെ പ്രതികൂലമായ ഒരു അന്തരീക്ഷത്തിലാണ് അദ്ദേഹം ചാർജ് എടുത്തത് എന്നു പറഞ്ഞല്ലോ. ഒരു അച്ചടക്കവുമില്ലാത്ത ഒരു സ്ഥാപനമായിരുന്നു അന്ന് ഫാറൂഖ് കോളേജ്. മലബാർ പ്രദേശത്ത് അന്ന് കോളേജുകൾ തുലോം കുറവായിരുന്നു. മുസ്‌ലിം സമുദായത്തിനാണെങ്കിൽ മറ്റൊരു കോളേജുമില്ല. മറ്റു കോളേജുകൾ ഇതിനെ ഒരു കോളേജായി കണ്ടിരുന്നുമില്ല. ചാർജെടുത്ത ഉടനെ അദ്ദേഹം കോഴിക്കോട്ടെ മറ്റു കോളേജുകൾ സന്ദർശിച്ചു. ഇന്ത്യയിലെ ഏറ്റവും നല്ല സ്ഥാപനങ്ങളിലൊന്നായി ഫാറൂഖിനെ മാറ്റണമെന്ന് മനസ്സു കൊണ്ടുറപ്പിച്ചു. പുതിയ കോഴ്സുകൾക്ക് അപേക്ഷ കൊടുത്തു. ഹോസ്റ്റൽ സൗകര്യങ്ങൾ വർധിപ്പിക്കാനുള്ള ശ്രമം തുടങ്ങി. നേരത്തെ ആശാരിമാരെ വെച്ചാണ് കോളേജിലെ ബിൽഡിംഗുകൾ ഉണ്ടാക്കിയിരുന്നതെങ്കിൽ ആ രീതി ആകെ മാറ്റി ആർക്കിടെക്റ്റുകളെ ഉപയോഗിക്കാൻ തുടങ്ങി. ഓഡിറ്റോറിയത്തിന്റെയും സർ സയ്യിദ് ഹോസ്റ്റലിന്റെയും പ്ലാൻ തയ്യാറാക്കിയത് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിന്റെ പ്ലാൻ തയ്യാറാക്കിയ ശ്രീ. ഇ.ജി. പണിക്കരാണ്. സ്റ്റേറ്റ് ചീഫ് എൻജിനീയറായിരുന്ന ജ. ടി. പി. കുട്ട്യാമു സാഹിബിന്റെ സഹായത്തോടെയാണ് രാജാ ഗെയ്റ്റ് ഉണ്ടാക്കിയത്. അതിനുവേണ്ട സാമ്പത്തിക ചെലവുകൾ കോളേജ് മാനേജിംഗ് കമ്മിറ്റി പ്രസിഡണ്ടായിരുന്നു ജ. രാജാ എ. അബ്ദുൽ ഖാദർ ഹാജിയാണ് നിർവ്വഹിച്ചത്. ജലീൽ സാഹിബ് അതുകൊണ്ട് തന്നെ അതിന് 'രാജാ ഗെയ്റ്റ്' എന്നു പേരിടുകയും ചെയ്തു. പിന്നീട് ഇതിന്റെ മോഡലിലാണ് സാക്ഷാൽ അലിഗർ യൂണിവേഴ്സിറ്റി അവരുടെ 'സർ സയ്യിദ് ഗെയ്റ്റ്' ഉണ്ടാക്കിയതത്രെ. ജലീൽ സാഹിബിന്റെ ആശയമനുസരിച്ച് ഡിസൈൻ ചെയ്യപ്പെട്ടവയാണ് സ്റ്റുഡന്റ്സ് സെന്ററും (ഇപ്പോഴത്തെ സുവോളജി ഡിപ്പാർട്ട്മെന്റ്) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും. രമേശ് എന്ന ആർക്കിടെക്റ്റിന്റെ സേവനം അദ്ദേഹം ഇതിന്നായി ഉപയോഗപ്പെടുത്തി. കോളേജിന്റെ മരാമത്തു പണികൾ ശ്രദ്ധിക്കാൻ എഞ്ചിനീയറായ ജ. ഐ. അബ്ദുറഹിമാൻ എന്നൊരാളെ നിയമിക്കുകയും ചെയ്തു. ഫാറൂഖ് കോളേജിന് ചേർന്ന ഒരു പൂന്തോട്ടവും അദ്ദേഹം വിഭാവന ചെയ്തു. റീജ്യണൽ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലായിരുന്ന പ്രഫ. കെ.എം. ബഹാവുദ്ദീൻ ഇതിൽ അദ്ദേഹത്തെ സഹായിച്ചു. അതുവരെയും ദേവഗിരി കോളേജിൽ ജോലി ചെയ്യുകയായിരുന്ന പ്രഫ. ആൻഡ്ര്യൂസിനെ അതിനായി കൊണ്ടുവരികയും ചെയ്തു. നിരന്തരം യാത്ര ചെയ്യാറുണ്ടായിരുന്ന ജലീൽ സാർ പോകുന്നേടത്തു നിന്നെല്ലാം നല്ല നല്ല ചെടികളും വിത്തുകളും ഫാറൂഖിലേക്കു കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധവെയ്ക്കുകയും ചെയ്തിരുന്നു.

1959ൽ അദ്ദേഹം ധീരമായ മറ്റൊരു തീരുമാനമെടുത്തു. ഫാറൂഖിൽ പെൺകുട്ടികൾക്കു കൂടി അഡ്മിഷൻ കൊടുക്കാൻ. ആ വർഷം പതിമൂന്ന് പേരാണ് വന്നത്. അതിൽ മുസ്‌ലിം കുട്ടി, കൊണ്ടോട്ടി മുസ്‌ലിയാരങ്ങാടിയിലെ മിസ് കെ.വി. ജമീല മാത്രം. എന്നാൽ 1960ൽ അത് മുപ്പതായി 1961ൽ അമ്പതായി 1962ൽ 76 ആയി പെൺകുട്ടികളുടെ എണ്ണം ക്രമേണ കൂടിക്കൂടി വന്നു. ഇന്ന് കോളേജിൽ എഴുപതു ശതമാനവും പെൺകുട്ടികളാണെന്നു ഞാൻ കൊട്ടക്കണക്കു പറഞ്ഞപ്പോൾ അദ്ദേഹം തിരുത്തി, "ഇല്ല, അറുപത്തഞ്ച് ശതമാനം." എന്തും പഠിച്ചു മാത്രം പറയുന്ന ജലീൽ സാഹിബിന്റെ കൈയ്യിൽ കൃത്യമായ സ്റ്റാറ്റിസ്റ്റിക്സുണ്ട്.

**ഫാറൂഖിൽ പെൺകുട്ടികൾക്കു കൂടി അഡ്മിഷൻ കൊടുക്കാൻ. ആ വർഷം പതിമൂന്ന് പേരാണ് വന്നത്. അതിൽ മുസ്‌ലിം കുട്ടി, കൊണ്ടോട്ടി മുസ്‌ലിയാരങ്ങാടിയിലെ മിസ് കെ.വി. ജമീല മാത്രം. എന്നാൽ 1960ൽ അത് മുപ്പതായി 1961ൽ അമ്പതായി 1962ൽ 76 ആയി പെൺകുട്ടികളുടെ എണ്ണം ക്രമേണ കൂടിക്കൂടി വന്നു. ഇന്ന് കോളേജിൽ എഴുപതു ശതമാനവും പെൺകുട്ടികളാണെന്നു ഞാൻ കൊട്ടക്കണക്കു പറഞ്ഞപ്പോൾ അദ്ദേഹം തിരുത്തി, "ഇല്ല, അറുപത്തഞ്ച് ശതമാനം."**

എന്തായാലും ഈ 'പെൺ വിപ്ലവത്തിനു' പിന്നിലെ കരങ്ങളും അദ്ദേഹത്തിന്റേതു തന്നെ.

ചാർജെടുത്ത ഉടനെ അദ്ദേഹം ചെയ്ത മറ്റൊരു കാര്യം അഡ്മിഷൻ സ്ട്രിക്റ്റ് ആക്കി എന്നതാണ്. അതുവരെയും അക്കാദമിക് വർഷത്തിൽ എപ്പോൾ വന്നാലും പ്രവേശനം നൽകുന്ന രീതിയായിരുന്നു. അതേപോലെ പല തവണ എസ്.എസ്.എൽ.സി പൊട്ടിവരുന്നവർക്കും അദ്ദേഹം അഡ്മിഷൻ നിഷേധിച്ചു.

കാര്യങ്ങൾ എല്ലാം ഈ രീതിയിൽ അദ്ദേഹം നേരെയാക്കി കൊണ്ടുവന്നെങ്കിലും ഒരു കാര്യത്തിൽ അദ്ദേഹം വളരെ വിഷമത്തിലായിരുന്നു. മറ്റൊന്നുമല്ല മാസാമാസം ജീവനക്കാർക്ക് മാന്യമായ ശമ്പളം കൊടുക്കണ്ടെ. ജലീൽ സാഹിബ് പറയുകയാണ് 1972ൽ ഡയറക്ട് പെയ്മെന്റ് വരുന്നതുവരെയും അതൊരു പ്രശ്നം തന്നെയായിരുന്നു.



കോളേജിന് അനുയോജ്യമായ നല്ല ഗ്രൗണ്ട്, ഓപ്പൺ എയർ തിയേറ്റർ, സ്റ്റാഫിനു താമസിക്കാൻ ക്വാർട്ടേഴ്സുകൾ, ജീവനക്കാർക്കായി ഹെൽത്ത് സെന്റർ എല്ലാം അദ്ദേഹം യു.ജി.സി.യിൽ നിന്നും കിട്ടാവുന്ന പരമാവധി ധനസഹായം ഉപയോഗപ്പെടുത്തി കൊണ്ട് സാധ്യമാക്കി. ലൈബ്രറിയുടെ വികസനത്തിലും ശ്രദ്ധിച്ചു.

മറ്റൊരു സുപ്രധാന കാര്യം അധ്യാപക നിയമനങ്ങളിൽ അദ്ദേഹം കാണിച്ച നിഷ്കർഷയായിരുന്നു. കഴിവും യോഗ്യതയും മാത്രം നോക്കിയാണ് അദ്ദേഹം നിയമനങ്ങൾ നടത്തിയത്. അന്ന് ഇന്നത്തെ പോലെയുള്ള നിയമങ്ങളും ചട്ടങ്ങളൊന്നുമില്ലായിരുന്നു. തനിക്ക് ഇഷ്ടമുള്ളവരെ തിരുകിക്കയറ്റാമായിരുന്നു. പക്ഷെ അദ്ദേഹമതിനു മുതിർന്നില്ല. അതിന്റെ പേരിൽ ആരോപണ വിധേയനായതുമില്ല. അദ്ദേഹത്തിന്റെ കാലത്തു നിയമിക്കപ്പെട്ടവരിൽ നല്ലൊരു ശതമാനം അമുസ്ലിംകളാണെന്നു കാണാൻ സാധിക്കും. അതിനെപ്പറ്റി ഞാൻ ചോദിച്ചു. "സെക്കുലറാണെന്നു വരുത്തിതീർക്കാൻ വേണ്ടിയും ഇമേജുണ്ടാക്കാൻ വേണ്ടിയും മനഃപൂർവ്വം ചെയ്തതാണോ?" എന്ന്. അദ്ദേഹം പറഞ്ഞത് മുസ്ലിം സമുദായത്തിൽ നിന്നും യോഗ്യരായ അപേക്ഷകർ ഇല്ലാത്തതുകൊണ്ടാണ് അവരുടെ ശതമാനം കുറഞ്ഞുപോയത് എന്നാണ്. മാത്രമല്ല കഴിവുള്ളവരെ കിട്ടാൻ വേണ്ടി ഇന്റർവ്യൂവിന് ഹാജരാവാനായി ചിലർക്ക് യാത്രാപ്പടി വരെ കൊടുക്കുകയും ചെയ്തിരുന്നത്രെ.

അതുപോലെ കോളേജിനു പേര് ഉണ്ടാക്കുന്നതിലും അത് നിലനിർത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. കോളേജ് വാർഷികാഘോഷത്തിനും സ്പോർട്സ് ഡേക്കും മറ്റും പ്രമുഖരായ വ്യക്തികളെ അതിഥികളായി കൊണ്ടുവരുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. കോഴിക്കോട് സന്ദർശനത്തിനു വരുന്ന പ്രമുഖ വ്യക്തികളെയെല്ലാം അദ്ദേഹം കോളേജിലേക്കും കൊണ്ടുവന്നു. എം.ഇ.എസ്സി.ന്റെ ആദ്യത്തെ അഖിലേന്ത്യാ സമ്മേളനം കെങ്കേമമായി കോളേജിൽ വെച്ചു നടത്തി എന്നു മാത്രമല്ല കോളേജിന്റെ രജതജൂബിലി ആഘോഷം അവിസ്മരണീയമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. മാനേജ്മെന്റ് അദ്ദേഹത്തിനു വേണ്ട സപ്പോർട്ട് നൽകുകയും മറ്റ് അധ്യാപക - അനധ്യാപക ജീവനക്കാർ അദ്ദേഹത്തെ ഒരു സേനാനായകനായി കണ്ടുകൊണ്ട് പിന്നിൽ അണിനിരക്കുകയും ചെയ്തതുകൊണ്ടാണ് ഇതെല്ലാം സാധിച്ചത്.

പഠിക്കുന്ന കാലത്ത് ജലീൽ സാഹിബിനു ഏറ്റവുമധികം തലവേദന ഉണ്ടാക്കിയ വിദ്യാർത്ഥികളാണ് പഠനശേഷം ജലീൽ സാഹിബിനെ ഏറ്റവും കൂടുതൽ ആദരിക്കുന്നതായും സ്നേഹിക്കുന്നതായും കാണുന്നത്. ജലീൽ സാഹിബ് പുറത്താക്കിയതു കാരണം പഠനം ഉപേക്ഷിച്ചു മറ്റു തുറകളിലേക്ക് തിരിഞ്ഞു വിജയചരിത്രം കുറിച്ചവരെയും നമുക്ക് കാണാം. അതായത് ഭംഗ്യന്തരേണ അവരുടെ ഇന്നത്തെ ഉയർച്ചക്കു കാരണക്കാരനും ജലീൽ സാഹിബ് തന്നെ.

ഫാറൂഖ് കോളേജിന് പ്രിൻസിപ്പൽമാർ മാറി മാറി വന്നു. ജനങ്ങൾ അവരെ അളന്നു നോക്കുന്നത് ജലീൽ സാഹിബിന്റെ ഭരണകാലവുമായി തട്ടിച്ചു നോക്കിയിട്ടാണ്. ആൾക്കാർ പുതിയ പ്രിൻസിപ്പലുമാരുടെ കസേര നോക്കിയിട്ട് പറയുന്നു. "ഇത് ജലീൽ സാഹിബ് ഇരുന്നിരുന്ന കസേരയാണ് കേട്ടോ."

ഫാറൂഖ് കോളേജിനെ ഫാറൂഖ് കോളേജാക്കിയ പ്രിൻസിപ്പൽ കസേരക്കു അന്തസു ചാർത്തിയ ഫാറൂഖിനു ഒരു സെക്കുലർ-കോസ്മോപൊളിറ്റൻ മുഖം നൽകിയ ആ മഹാനുഭാവന്റെ മരിക്കാത്ത ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

"ജബ് തക് ഫാറൂഖാബാദ് രഹേഗാ

തബ് തക് ജലീൽ സാബ് ആപ്കാ നാം രഹേഗാ."

**പഠിക്കുന്ന കാലത്ത് ജലീൽ സാഹിബിനു ഏറ്റവുമധികം തലവേദന ഉണ്ടാക്കിയ വിദ്യാർത്ഥികളാണ് പഠനശേഷം ജലീൽ സാഹിബിനെ ഏറ്റവും കൂടുതൽ ആദരിക്കുന്നതായും സ്നേഹിക്കുന്നതായും കാണുന്നത്. ജലീൽ സാഹിബ് പുറത്താക്കിയതു കാരണം പഠനം ഉപേക്ഷിച്ചു മറ്റു തുറകളിലേക്ക് തിരിഞ്ഞു വിജയചരിത്രം കുറിച്ചവരെയും നമുക്ക് കാണാം.**

[1] *വാണിയമ്പാടിയിൽ അക്കാലത്ത് ബി.കോം വിദ്യാർത്ഥിയായിരുന്ന ടി. അബ്ദുല്ലാ സാഹിബിന്റെ അധ്യാപകനായിരുന്നു ജലീൽ സാഹിബ്.*

[2] *ആന്ധ്രയിലെ കർണൂൽ ഉസ്മാനിയ കോളേജ് പോലൊരു സ്ഥാപനം മലബാറിൽ ഉയർന്നു വരണമെന്നാഗ്രഹിക്കുകയും ജ. കെ.എം. സീതിസാഹിബുമായി തന്റെ ആശയം പങ്കുവെക്കുകയും ചെയ്ത ഫാറൂഖ് കോളേജിന്റെ വലിയൊരു അഭ്യുദയ കാംക്ഷിയായിരുന്നു ഡോ. ഹഖ്. ഉസ്മാനിയ കോളേജിൽ ലക്ചററായിരുന്ന ടി.പി. മുഹമ്മദ് കുഞ്ഞി സാഹിബിനെ ഫാറൂഖ് കോളേജിലേക്കയച്ചതും അദ്ദേഹം തന്നെയാണ്.*



**ഡോ.ടി.എ.മുഹമ്മദ്,**
അസോസിയേറ്റ് പ്രഫസർ,
ഫാറൂഖ് കോളേജ്

# എവർഗ്രീൻ ഹെഡ്മാസ്റ്റർ

അധ്യാപക പ്രതിഭകളാലും പണ്ഡിത ശ്രേഷ്ഠന്മാരാലും പ്രശോഭിച്ചു നിന്നിരുന്ന ഫാറൂഖാബാദിലെ ഒരു മിന്നും താരമായിരുന്നു യശശ്ശരീരനായ മിലത്തീഫ് സാഹിബ്. ഫാറൂഖ് കോളേജിന്റെ പ്രഥമ വിദ്യാർത്ഥിയായി കടന്നു വന്ന ഈ കൊച്ചിക്കാരൻ, മൗലവി സാഹിബിന്റെ സ്നേഹാദരവുകൾ പിടിച്ചു പറ്റി ക്യാമ്പസിലെ ഒരു സ്ഥാപനത്തിന്റെ പ്രധാനാധ്യാപകനായി മാറുന്ന കാഴ്ചയാണ് പിന്നീട് നമ്മൾ കാണുന്നത്. കുത്തഴിഞ്ഞു കിടക്കുകയായിരുന്ന ഫാറൂഖ് ഹൈസ്കൂളിനെ ശരിയാക്കി എടുക്കുക എന്ന ദൗത്യമായിരുന്നു അദ്ദേഹത്തിൽ അർപ്പിതമായിരുന്നത്. അതിലദ്ദേഹം നൂറു ശതമാനം വിജയിച്ചു എന്നാണ് സ്കൂളിന്റെ പിൽക്കാല ചരിത്രം തെളിയിക്കുന്നത്.

ഫാറൂഖ് കോളേജ് പരിസരവാസികളെ സംബന്ധിച്ചിടത്തോളം 'ഹെഡ്മാസ്റ്റർ' എന്നു പറഞ്ഞാൽ, അന്നും ഇന്നും അത് ലത്തീഫ് മാസ്റ്റർതന്നെയാണ്. കാമ്പസിൽ അത്തരമൊരംഗീകാരം കിട്ടിയ വ്യക്തിയും അദ്ദേഹം മാത്രമാണ്. ഔദ്യോഗിക ജീവിതത്തിലത്ര കണ്ട് ഇഴുകിച്ചേർന്നതിനാലായിരിക്കണം അദ്ദേഹത്തിന് അത് സാധിച്ചത്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പരിശ്രമം കാരണം ഫാറൂഖ് ഹൈസ്കൂൾ ട്രാക്കിൽ വന്നു എന്നു മാത്രമല്ല സമീപനത്തെ സ്കൂളുകൾക്കൊന്നുമില്ലാത്ത വലിയൊരു നേട്ടം കൈവരിക്കാനും സാധിച്ചു: സമരമില്ലാത്ത, രാഷ്ട്രീയഭാസങ്ങളില്ലാത്ത ഏക സ്കൂൾ. വിദ്യാർത്ഥി രാഷ്ട്രീയത്തെ പടിപ്പുറത്ത് ഇരുത്തിയതു കൊണ്ട് ഒരൊറ്റ അധ്യയന ദിവസം പോലും നഷ്ടപ്പെടാത്ത സ്കൂളായി ഫാറൂഖ് ഹൈസ്കൂൾ മാറി.

എന്നും സന്തോഷഭരിതനായി കാണപ്പെട്ടിരുന്ന അബ്ദുൾ ലത്തീഫ് സാഹിബിനെ ഒരിക്കൽ മാത്രമാണ് ഞങ്ങൾ കലങ്ങിയ കണ്ണുകളുമായി കണ്ടത്. ഉറ്റവരുടെയോ ഉടയവരുടെയോ മരണം കാരണമല്ല അദ്ദേഹം കരഞ്ഞത്. സ്കൂളിന്റെ ഭാവിയെക്കുറിച്ച് ഓർത്തു മാത്രം. സംഭവം നടന്നത് ഞങ്ങൾ പത്താം ക്ലാസിൽ പഠിക്കുമ്പോളാണ്. അന്നാണ് സ്കൂളിന്റെ ചരിത്രത്തിലാദ്യമായി വിദ്യാർത്ഥിരാഷ്ട്രീയം പടിക്കകത്തു കയറിയത്. അവരുടെ കീറത്തുണികൾ കാമ്പസിനു ചുറ്റും പാറിക്കളിച്ചത്. പെട്ടെന്നു തന്നെ എല്ലാ വിഭാഗക്കാരും കമ്മറ്റികൾ ഉണ്ടാക്കുകയും പ്രകടനങ്ങൾ നടത്താൻ തുടങ്ങുകയും ചെയ്തു. ലത്തീഫ് സാഹിബിനു സഹിക്കാൻ കഴിയുന്നതിലുമപ്പുറമായിരുന്നു സംഭവങ്ങൾ. അദ്ദേഹമേതായാലും നിരാശനായില്ല. സധൈര്യം മുന്നോട്ടു നീങ്ങി. എല്ലാ വിദ്യാർത്ഥി നേതാക്കളെയും കണ്ടു കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി എല്ലാവരേയും അതിൽ നിന്നും പിന്തിരിപ്പിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ, മുളയിൽ തന്നെ ആ വിപത്ത് അദ്ദേഹം നുള്ളിക്കളഞ്ഞു. അദ്ദേഹം ബലപ്പെടുത്തിയ ആ പാതയിലൂടെ സ്കൂൾ ഇപ്പോഴും ശാന്തമായി മുന്നോട്ടു പോകുന്നു.

സമരങ്ങൾ ഒന്നുമില്ലാത്ത ഒരു സ്കൂൾ ആയിരുന്നു ഞങ്ങളുടേത് എന്നു പറഞ്ഞല്ലോ. എന്നാൽ വിദ്യാഭ്യാസ വകുപ്പിൽ എങ്ങനെയോ ഞങ്ങളുടെ സ്കൂളിനെപ്പറ്റി ഒരു മോശം റിമാർക്ക് ഉണ്ടാവുകയും അതിന്റെയടിസ്ഥാനത്തിൽ കുട്ടികളിൽ അച്ചടക്കം ഉണ്ടാക്കാനായി ഒരു വിദഗ്ധൻ നിയമിക്കപ്പെടുകയും ചെയ്ത. വേറെ പണിയൊ

ന്നുമില്ലാത്തതു കൊണ്ട് അധ്യാപകർ ലീവുള്ള ക്ലാസുകളിൽ പകരക്കാരനായി പോവുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹം ചെയ്ത ഒരേയൊരു കാര്യമെന്താണെന്നു വെച്ചാൽ സ്കൂൾ അസംബ്ലിയിൽ കുട്ടികൾ നില്ക്കുന്ന രീതിക്കൊരു മാറ്റം കൊണ്ടു വന്നു. ഒരേ ക്ലാസിലെ കുട്ടികൾ വ്യത്യസ്ഥ സ്ക്വാഡ് ആയി നില്ക്കുന്നതിനു പകരം ഒരു ക്ലാസിലെ മൊത്തം കുട്ടികളോടും ഒരു ഗ്രൂപ്പ് ആയി നില്ക്കാൻ പറഞ്ഞു. അതു കൊണ്ട് എന്തു മെച്ചമെന്ന് അദ്ദേഹത്തിനു മാത്രമേ അറിയുള്ളൂ. ഏതായാലും ഒറ്റ ദിവസം കൊണ്ടു തന്നെ അദ്ദേഹത്തിനു ഒരു കാര്യം മനസ്സിലായി: ഇത് അച്ചടക്കമില്ലാത്ത സ്കൂളല്ല, മറിച്ച് കേരളത്തിൽ തന്നെ ഏറ്റവും അച്ചടക്കത്തിൽ നടക്കുന്ന സ്കൂളാണ്. അതവാ അച്ചടക്കമെന്താണെന്നു പഠിക്കണമെങ്കിൽ മാതൃകയായി ചൂണ്ടിക്കാണിക്കാൻ പറ്റിയ സ്ഥാപനമാണ്. വിദ്യാഭ്യാസ വകുപ്പിനു പറ്റിയ ഒരു കയ്യബദ്ധം കാരണമാണ് ഇങ്ങനെയൊരാൾ അവിടെ നിയമിക്കപ്പെടാൻകാരണമായത്. ഫറോക്ക് ഗണപത് സ്കൂളിലേക്കായിരുന്നു യഥാർത്ഥത്തിൽ സർക്കാർ അദ്ദേഹത്തെ അയക്കാൻ ഉദ്ദേശിച്ചിരുന്നത് അല്ലാതെ ഫാറൂഖ് ഹൈസ്കൂളിലേക്കായിരുന്നില്ല. തമാശയായി തോന്നാമെങ്കിലും മേൽ വിവരിച്ച രാഷ്ട്രീയ പാർട്ടികളുടെ രംഗപ്രവേശനം നടന്നത് ഈ അച്ചടക്ക വിദ്വാൻ വന്നതിനു ശേഷമായിരുന്നു. ഏതായാലും ഒരു വർഷം കൊണ്ട് അയാൾ ജോലി മതിയാക്കിപ്പോയി.

ഒരു നല്ല അഡ്മിനിസ്ട്രേറ്റർ എന്ന പോലെ ഒരു നല്ല അധ്യാപകനുമായിരുന്നു ലത്തീഫ് സാഹിബ്. പത്താം തരത്തിൽ അദ്ദേഹമാണ് ഞങ്ങൾക്ക് ഇംഗ്ലീഷ് പോയട്രി പഠിപ്പിച്ചിരുന്നത്. കാര്യങ്ങൾ മലയാളത്തിൽ നന്നായി വിശദീകരിച്ചു തരും. ഒരു ഇംഗ്ലീഷ് കവിതയിൽ പന്നികൾ താമസിക്കുന്ന ഒരിടത്തെക്കുറിച്ച് പറയുന്നുണ്ടായിരുന്നു. അദ്ദേഹം ആ പ്രദേശത്തെ വിളിച്ചത് പന്നിയങ്കര എന്നായിരുന്നു. കൂട്ടത്തിൽ പറയട്ടെ ലത്തീഫ് മാസ്റ്റർ പുറമേക്ക് വലിയ ഒരു ഗൗരവക്കാരനായി തോന്നുമെങ്കിലും അകം വളരെ മൃദുലമാണ്. സ്വയം തമാശ പറയുന്നതിലും മറ്റുള്ളവരുടെ തമാശകൾ ആസ്വദിക്കുന്നിതിലും വലിയ താല്പര്യമായിരുന്നു. ഇടിവെട്ട് പോലുള്ള ശബ്ദത്തിന്റെ ഉടമയായിരിക്കാം അദ്ദേഹം. ഇങ്ങനെ ഒരു പരുക്കനായി ആളുകൾ തെറ്റുദ്ധരിക്കാൻ കാരണം അദ്ദേഹത്തിന്റെ ശബ്ദം ഏതായാലും ഒരു പ്ലസ് പോയിന്റു തന്നെയായിരുന്നു. ആ ഗർജ്ജനം കേട്ടാൽ ഞെട്ടാത്തവർ ആരുമുണ്ടാകില്ല. എന്നാൽ തീരെ പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കുന്നവളായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി.

എന്റെ തറവാടിനടുത്ത് ലത്തീഫ് സാഹിബ് അല്പം സ്ഥലമുണ്ടായിരുന്നു. വീട് വെക്കാനുദ്ദേശിച്ച് വാങ്ങിയതായിരുന്നെങ്കിലും അദ്ദേഹം വീടൊന്നും വെച്ചില്ല. അതിനപ്പറ്റി 'എന്റെ എസ്റ്റേറ്റ് എങ്ങനെയായിരിക്കുന്നെടാ" എന്ന് അദ്ദേഹം കാണുമ്പോൾ ചോദിക്കുമായിരുന്നു. പിന്നെ അദ്ദേഹം അതു വിറ്റു. താൻ വളരെക്കാലമായി താമസിച്ചു വന്ന ക്വാർട്ടേഴ്സ് സ്വന്തമാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അയൽ വാസിയായാലും ഞാൻ കുറച്ചു കാലം താമസിച്ചിരുന്നു. എന്റെ പിതാവുമായും ഭാര്യയുടെ പിതാവുമായും വളരെ അടുത്ത ബന്ധമാണ് അദ്ദേഹത്തിനുണ്ടായിരഹുന്നത്. അയൽ വാസിയായിരുന്നപ്പോഴും മൂത്ത മകന്റെ കല്യാണാവസരത്തിലും ഞാൻ അദ്ദേഹത്തിന്റെ "സുബൈദാ മൻസി"ലിലെ ഒരു നിത്യ സന്ദർശകനായിരുന്നു.

ചെറുപ്പ കാലത്ത് നല്ലൊരു ഫുട്ബോൾ കളിക്കാരനായിരുന്നിരിക്കാം ലത്തീഫ് മാസ്റ്ററെന്ന് തോന്നാറുണ്ട്. അതു കൊണ്ടായിരിക്കുമോ ഔദ്യോഗിക നിർവഹണത്തിലും ഒരു ടീമായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്? ഓഫീസു കാര്യങ്ങളിൽ അസീസ് മാസ്റ്റർ, അഹമ്മദ് കുട്ടിമാസ്റ്റർ, അബ്ദുല്ലക്കുട്ടി മാസ്റ്റർ, വീരാൻ കുട്ടി മാസ്റ്റർ തുടങ്ങിയവരുടെ സഹായം അദ്ദേഹം തേടി. സ്കൂളിന്റെ അച്ചടക്കം നിലനിർത്തുന്നതിൽ കെമിസ്ട്രി അധ്യാപകനായിരുന്ന മുഹമ്മദ്കുട്ടി മാസ്റ്റർ ഹിന്ദി അധ്യാപകനായിരുന്ന രാഘവൻ മാസ്റ്റർ, അറബി അധ്യാപകനായിരുന്ന കെ.എം.കെ., തുടങ്ങിയവരും സഹായിച്ചു. സ്കൂളിന്റെ അക്കാദമികമായ മികവു നിലനിർത്തുന്നതിൽ ബാലകൃഷ്ണൻ മാസ്റ്റർ, ശിവരാമൻ മാസ്റ്റർ, എൻ.സി.അബൂബക്കർ മാസ്റ്റർ, മരക്കാർ മാസ്റ്റർ തുടങ്ങിയവരും സഹായിച്ചു. പാവപ്പെട്ട കുട്ടികളെ സഹായിക്കുന്ന കാരത്തിൽ മന്നത്തു മുഹമ്മദ് മാസ്റ്ററെപ്പോലുള്ളവരും ആരോരുമറിയാതെ സഹായിച്ചിട്ടുണ്ട്.

ഫാറൂഖ് ഹൈസ്കൂളിൽ നിന്നും അദ്ദേഹം റിട്ടയർ ചെയ്യുന്ന അവസരത്തിലാണ് അൽഫാറൂഖ് ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കപ്പെടുന്നത്. അതിന്റെ ശേശവ ദശയിൽ അതിനെ പരിപാലിക്കേണ്ട ദൗത്യവും ലത്തീഫ് സാഹിബിനു തന്നെയായി. ശാരീരികാവശതകൾ ശല്യം ചെയ്യുന്നതുവരെയും അദ്ദേഹം അവിടെ തുടർന്നു.

ഏതായാലും ഫാറൂഖാബാദിനെ തെന്നിന്ത്യയിലെ തന്നെ ഏറ്റവും മികച്ച വിദ്യാഭ്യാസ കേന്ദ്രമാക്കുന്നതിൽ തന്റേതായ സംഭാവനകൾ നൽകിയ ആ മഹാത്മാവിന്റെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

# അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകൾ

അസീസ് തരുവണ

അറബിമലയാളത്തെ ഭാഷാപരമായി വിശകലനം ചെയ്യുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം. മലയാള ഭാഷ അറബിലിപി ഉപയോഗിച്ച് എഴുതുന്ന സവിശേഷ ലിഖിത സമ്പ്രദായത്തെയാണ് അറബിമലയാളം എന്നു വിളിക്കുന്നത്. അറബിലിപിയുപയോഗിച്ച് മലയാളം എഴുതുന്നു എന്നതിലുപരി ഭാഷാഘടകത്തിലും ഘടനയിലും വല്ല പ്രത്യേകതകളുമുണ്ടോയെന്നും അറബിഭാഷയുമായും മലയാളഭാഷയുമായും ഏതൊക്കെ തരത്തിലുള്ള സാമ്യവ്യത്യാസങ്ങളാണ് അറബിമലയാളത്തിനുള്ളതെന്നും ഏതെല്ലാം തരത്തിൽ മറ്റു ഭാഷകളുടെ സ്വാധീനങ്ങൾക്ക് അറബിമലയാളം വിധേയമായിട്ടുണ്ടെന്നും അറബിക്കും മലയാളത്തിനും പുറമെ മറ്റേതെല്ലാം ഭാഷകളുമായി ഇതിന് ബന്ധമുണ്ടെന്നുമെല്ലാം ഈ പ്രബന്ധത്തിൽ ചർച്ചചെയ്യുന്നതാണ്.

അറബിമലയാളത്തിന്റെ ഭാഷാസ്വഭാവത്തെ വിശദീകരിക്കാൻ ചിലരെല്ലാം മുമ്പ് ശ്രമിച്ചിട്ടുണ്ട് നിരീക്ഷണങ്ങൾ പരിഗണിക്കുന്നത് അപഗ്രഥനത്തിന് കൂടുതൽ സഹായകമാവും.

അറബിമലയാളം ഒരു സ്വാതന്ത്രഭാഷയാണെന്നും, മലയാളത്തിന്റെ മറ്റൊരു മുഖമാണെന്നും ഒ.അബുവിന് (1970:11,12,23,124) അഭിപ്രായമുണ്ട്. അറബിമലയാളത്തിൽ നിന്ന് അറബി നീക്കം ചെയ്താൽ ബാക്കി മലയാളം ആവില്ല യെന്നും, മലയാളത്തിൽ നിന്നും ഭിന്നമായി ലിപി, പദങ്ങൾ, ഘടന, വ്യാകരണം എന്നിവയിൽ അറബി മലയാളത്തിന് പ്രകടമായ വ്യത്യാസമുണ്ടെന്നും ഈ വാദത്തിന് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടികാണിക്കുന്നു. ഈ നിരീക്ഷണത്തോട് ചേർന്നുനിന്നു കൊണ്ട് അറബിമലയാളം ഒരു സമ്പൂർണ്ണഭാഷയാണെന്ന് സി.കെ. കരിം(1983:170)വിലയിരുത്തുന്നു. മലയാളത്തിന്റെ ഭാഷാഭേദങ്ങളിൽ ഒന്നിന്റെ ലിഖിതരൂപമാണ് അറബിമലയാളമെന്ന് കെ.ഒ. ശംസുദ്ദീൻ (1978:4,29) അഭിപ്രായപ്പെടുന്നു. പരിഷ്ക്കരിച്ച അറബിലിപിയിൽ മലയാളം എഴുതുന്ന സമ്പ്രദായമാണ് അറബിമലയാളമെന്ന് മുകളിൽ പ്രസ്താവിച്ച നിരീഷണങ്ങളെ ഖണ്ഡിച്ച് കൊണ്ട് എം. മുഹ്‌യിദ്ദീൻ(1992:50) സ്ഥാപിക്കുന്നു.

അറബിമലയാളത്തിന്റെ സ്വഭാവം നിർണ്ണയിക്കാൻ ലിപിതലത്തിലും വ്യാകരണതലത്തിലും നിഘണ്ടുതലത്തിലും അപഗ്രഥനം നടത്തേണ്ടതുണ്ട്. ലിപിസ്വഭാവം അപഗ്രഥിക്കുകയാണെങ്കിൽ ഏറ്റവും പ്രധാന സവിശേഷത അറബിയിലെ ലിപിമാല പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു എന്നതാണ്. അറബിലിപികൾ പരിഷ്ക്കരിച്ചുണ്ടാക്കിയ അധികലിപികളും അറബിമലയാളത്തിലുണ്ട്. ഇതാവട്ടെ മലയാളപദാവലിക്ക് തുല്യമായി രൂപീകരിച്ചതാണ്. അറബിഭാഷയിലില്ലാത്ത മലയാള വർണ്ണങ്ങളെ ഉൾക്കൊള്ളാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

അറബിയിൽ ഇരുപത്തെട്ട് വ്യഞ്ജനാക്ഷരങ്ങളും ആറ് സ്വരാക്ഷരങ്ങളുമാണ് ഉള്ളത്. നിലവിലുള്ള അറബിലിപികളിൽ ചെറിയമാറ്റങ്ങൾവരുത്തി അറബിയിലില്ലാത്തതും മലയാളത്തിലുള്ളതുമായ വർണ്ണങ്ങൾക്ക് തുല്യമായി പുതിയ ലിപികൾ രൂപപ്പെടുത്തി.

രണ്ടുഘട്ടങ്ങളിലായാണ് ഈ ലിപി പരിഷ്കരണം നടന്നിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. ഒന്നാം ഘട്ട പരിഷ്കരണം നടന്നത് ഏതുകാലത്താണെന്ന് കൃത്യമായി പറയുക സാദ്യമല്ല. കണ്ടുകിട്ടിയതിൽവെച്ച് ഏറ്റവും പഴക്കംചെന്ന കൃതിയായ മുഹ്യിദ്ദീൻമാല (1607)യിൽ അതിഖര - മൃദു - ഘോഷങ്ങളും,റ്റ,ഴ,ശ എന്നിവയൊഴികെയുള്ള മലയാള ലിപികൾക്ക് സമാനമായ ലിപികളും കാണുന്നുണ്ട്.

രണ്ടാംഘട്ടപരിഷ്കരണം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് നടക്കുന്നത്. സനാഉല്ലാമക്തിതങ്ങൾ മലയാളത്തിൽ കഠോരകുഠാരം (വർഷം വ്യക്തമല്ല)എന്ന പേരിൽ ഒരു കൃതി രചിച്ചു. ഇതോടുകൂടിയാണ് മലയാളത്തിന്റെ ചുവടുപിടിച്ച് അറബിമലയാളലിപികൾ പരിഷ്കരിക്കാൻ ശ്രമങ്ങൾ തുടങ്ങിയത്. സെയ്ദാലികുട്ടി മാസ്റ്റർ സലാഹുൽ ഇഹ്‌വാൻ (1899) എന്ന അറബിമലയാള പത്രത്തിൽ ലിപിപരിഷ്ക്കരണത്തെക്കുറിച്ച് ഒരു ലേഖനമെഴുതി. ചില ലിപിരൂപങ്ങൾ അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു. പക്ഷെ അതിന് വേണ്ടത്ര സ്വീകാര്യത ലഭിച്ചില്ല. 1906ൽ അൽ ഇസ്ലാം മാസികയിൽ ലിപിപരിഷ്കരണത്തിന്റെ ആവശ്യകത ചൂണ്ടികാണിച്ചുകൊണ്ടും ചില ലിപികൾ പുതുതായി പരിചയപ്പെടുത്തികൊണ്ടും വക്കം അബ്ദുൾ ഖാദർ മൗലവി ഒരു ലേഖനം എഴുതി. പിന്നീട് അദ്ദേഹം തന്നെ 1919ൽ കിമിയാസഅദാ എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയിൽ ഖരമൃദുക്കൾക്കും ക്ഷ യ്ക്കും പുതിയ ലിപി നിർദ്ദേശിച്ചു. എകാരത്തിന് എന്ന ലിപിയും അദ്ദേഹം രൂപപ്പെടുത്തി. 1924ൽ ചാലിലകത്തു കുഞ്ഞഹമ്മദ് ഹാജി മദ്രസാവിദ്യാർത്ഥികളെ ഉദ്ദേശിച്ച് തസ്‌വീറുൽഹുറൂഫ് (അക്ഷര നിയമം) എന്ന കൃതി രചിച്ചു. ഇതോടുകൂടിയാണ് ഇന്നുകാണുന്ന അറബിമലയാളലിപി രൂപീകരണം പൂർണ്ണമാകുന്നത്.

പ്രധാനപ്പെട്ട ലിപിമാറ്റം ഫ - പ വിനിമയമാണ്. അറബിമലയാളത്തിൽ ലിപിപരിഷ്കരണത്തിന് മുമ്പ് പ എന്ന മലയാളലിപിക്ക് തുല്യമായ അറബിമലയാളലിപി ഉണ്ടായിരുന്നില്ല. ഇംഗ്ലീഷിലെ f എന്ന ലിപിയുടെ ഉച്ചാരണസാദൃശ്യമുള്ള അറബിയിലെ ........'അണ് പ യക്ക് പകരമായി ഉപയോഗിച്ചത്. ഇത് വരമൊഴിയിൽ മാത്രമേയുള്ളൂ. ഫ എന്നെഴുതിയാലും മലയാളത്തിലെ പ എന്നു തന്നെയായിരുന്നു ഉച്ചരിച്ചിരുന്നുത്. ഫിറാവ് എന്നെഴുതിയാലും പിറാവ് എന്നു വായിക്കുന്നു അഥവാ ഈ മാറ്റം എഴുത്തിൽ മാത്രമാണ് ഉച്ചാരണത്തിലില്ല.

അറബിമലയാളലിപി രൂപീകരണത്തിന്റെ അടിസ്ഥാനം അറബിലിപികളാണ്. മലയാളത്തിലുള്ള മുഴുവൻ ശബ്ദങ്ങളും എഴുതിക്കാണിക്കാൻ പര്യാപ്തമായ ലിപികൾ അറബിമലയാളത്തിലുണ്ട്. പുറമെ അറബിശബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്ന അറബിലിപികളും ഉണ്ട്.

ലിംഗം

അറബിമലയാളത്തിലെ ലിംഗവ്യവസ്ഥ ശബ്ദങ്ങളുടെ അർത്ഥത്തെ ആസ്പദമാക്കിയുള്ളതാണ്. പുല്ലിംഗം സ്ത്രീലിംഗം എന്നിവ മനുഷ്യരിലെ സ്ത്രീപുരുഷ വിഭാഗത്തെ സൂചിപ്പിക്കാൻ മാത്രമാണ് ഉപയോഗിക്കുന്നത്. ജന്തുക്കളെ സ്ത്രീപുരുഷവ്യത്യാസമില്ലാതെ നപുംസകലിംഗമായി കണക്കാക്കുന്നു.

സർവ്വനാമത്തിന് അൻ,അൾ,ദ് എന്നിവയാണ് ലിംഗപ്രത്യായങ്ങൾ.

ഉദാ:- അവൻ ,അവൾ, അദ്

പുല്ലിംഗത്തിന് അൻ ആണ് ലിംഗ പ്രത്യയം

ഉദാ:- അരശൻ

സ്ത്രീ ലിംഗത്തിന് ത്തി ആണ് ലിംഗ പ്രത്യയം

ഉദാ:- ബെള്ളാട്ടി

നപുംസക ലിംഗത്തിന് അം ആണ് പ്രത്യയം

ഉദാ:- ചൻതം

വചനം

ഏകവചനം, ബഹുവചനം എന്നിങ്ങനെ രണ്ട് വചനവ്യവസ്ഥകൾ അറബിമലയാളത്തിലാണ്. ഒന്നിനെ കുറിക്കുന്ന നാമം ഏകവചനം ഒന്നിലധികത്തെകുറിക്കുന്നത് ബഹുവചനം.

നാമത്തിന്റെ കേവലരൂപമോ ലിംഗപ്രത്യയം ചേർന്ന രൂപമോ ആണ് ഏകവചനം. അതിനാൽ ഏകവചനത്തെ കുറിക്കാൻ പ്രത്യേകമായി പ്രത്യയമൊന്നും ചേർത്തുകാണുന്നില്ല.ഉദാ: ഫിറാറ്

പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും ബഹുവചനപ്രത്യയമായി മാർ ആണ് ഉപയോഗിച്ചുകാണുന്നത്.ഉദാ:ആൺ ഫിറന്നോമാർ ,പെൺഫിറന്നോമാർ.

പക്ഷെ,അറബി നാമങ്ങളോടോപ്പം ബഹുവചന പ്രത്യയമായി കൾ ചേർത്തുകാണുന്നുണ്ട്.ഉദാ:നബികൾ(പ്രവാചകൻമാർ),ഉലുമാക്കൾ(പണ്ഡിതൻമാർ)സ്വഹബാക്കൾ (അനുചരൻമാർ).

ഇതിനുപുറമെ അലിംഗബഹുവചനപ്രത്യയമായും പൂജകവചനപ്രത്യയമായും ഓവർ പ്രയോഗിച്ചിരിക്കുന്നു.

ഉദാ:യെന്നെ ഫിടിച്ചോവർ (ഉത്തമപുരുഷബഹുവചനം)

ഞാൻയെന്നോവർ (പൂജകവചനം)

പൂജകവചനത്തിന് ആർ എന്ന പ്രത്യയവും ഉപയോഗിച്ചിട്ടുണ്ട്

ഉദാ:- നബിയാർ

അലിംഗശബ്ദങ്ങൾക്കും നപുംസകശബ്ദങ്ങൾക്കും അർ, അൾ എന്നിവ ബഹുവചനപ്രത്യയമായി വരുന്നു.

തദ്ധിതം

അറബിമലയാള കൃതികളിൽ കാണുന്ന തദ്ധിതരൂപങ്ങൾ താഴെകൊടുക്കുന്നു.

ഉദാ:- അറിവാക്കൻമാർ,ഉടയോവൻ,ഫുകഴ്ത്തോർ,മേൽമ,ഫുദുമ,ബളർമ, ഫകയൻ, ഉൻമ

ഭേദകം

ഏഴ് വിഭാഗത്തിലുള്ള ഭേദകരൂപങ്ങൾ അറബിമലയാള കൃതികളിൽ കാണാൻ കഴിയും.

| ഭേദകവിഭാഗം | | ഉദാഹരണം |
|---|---|---|
| ശുദ്ധം | : | നല്ലോണം ഫോറ്റി |
| സർവ്വനാമികം | : | യിഫ്ഫള്ളി |
| സാംഖ്യം | : | വൊരുയിരുംഫ് ചങ്ങലന്റെ |
| വിഭാവകം | : | ചിനത്തവൻ |
| പാരിമാണികം | : | ഫെരുത്ത് |
| നാമാംഗജം | : | ചത്തെ ചകം |

ദ്യോതകം

നിപാതം, അവ്യയം എന്നിങ്ങനെ രണ്ട് വിധത്തിലുണ്ട് ദ്യോതകങ്ങൾ.

നിപാതം

സമുച്ചയ നിപാത പ്രത്യയമായ ഉം പ്രയോഗിച്ചിട്ടുണ്ട്.

ഉദാ: തായും ബാവയും,ഇരവുംഫകലും, വൊട്ട്മരത്തിന്റെ മീത്തലും വൊട്ട്തായേലും.

അവ്യയം

അവ്യയത്തിന് ഗതി, ഘടകം എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ കാണാൻകഴിഞ്ഞിട്ടുണ്ട്.

ഗതി

ഈന്ന്, യെന്ന്, എന്നിങ്ങനെ രണ്ട് ഗതിരൂപങ്ങൾ കാണുന്നുണ്ട്.

ഉദാ: യേദ്നിലത്തീന്നും,യെൻദാവൂയെന്ന്.

ഘടകം

കൊണ്ട്, നിന്ന് എന്നിങ്ങനെ രണ്ടെണ്ണമാണ് ഈ വിഭാഗത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ളത്.

ഉദാ: കൻകൊണ്ട്, ഖബറുങ്ങൽനിന്ന്.

ക്രിയ

പൂർണ്ണക്രിയും അപൂർണ്ണക്രിയയും കൃതികളിൽ കാണുന്നുണ്ട്.

പൂർണ്ണക്രിയ (മുറ്റുവിന)

ഉദാ: സ്വഫ്ഫായി,ചൊല്ലുന്നു, ചാകും

അപൂർണ്ണക്രിയ (പറ്റുവിന)

അപൂർണ്ണക്രിയയെ പേരെച്ചം, വിനയെച്ചം എന്നിങ്ങനെ രണ്ടായിത്തിരിക്കാം.

പേരെച്ചം

പേരിനെ (നാമത്തെ)വിശേഷിപ്പിക്കുന്ന ക്രിയയെയാണ് പേരെച്ചം എന്നുപറയുന്നത്.

ഉദാ: ചത്തെചകം ,മൊളിയുന്നെഇൽമ് .

പേരെച്ചങ്ങൾ എകാരത്തിൽ അവസാനിക്കുന്ന രീതിയാണ് കാണുന്നത്.

വിനയെച്ചം

ഇതിൽ മുൻ, പിൻ, പാക്ഷികം എന്നിങ്ങനെ മൂന്ന് രൂപങ്ങൾ കാണുന്നുണ്ട്.

മുൻവിയെച്ചം

ഉദാ: ഫൊറുത്തുനടന്നോവർ, ചുറ്റിനടന്നു

പിൻവിനയെച്ചം

ഉദാ: ഫറവാൻമടിച്ചാരെ, ചദിഫ്ഫാനായിചെന്നു

പാക്ഷികവിനയെച്ചം

ഉദാ: ഓദുകിൽ........ യെത്തുമേ

നിഷേധക്രിയകൾ

അൽ,ഇൽ എന്നീ ധാതുക്കളോട് അ, ഇ എന്നിവ ചേർത്തിരിക്കുന്നു.

ഉദാ:അല്ലെന്ന്,ചെയ്ദില്ല.

പ്രകൃതിയോട് ആ പ്രത്യയംചേർത്തും നിഷേധരൂപം കുറിക്കുന്നുണ്ട്.

ഉദാ: കാട്ടാ,ചൊല്ലാ.

അരുദ്, കൂടാ, അണ്ടഎന്നീ പ്രത്യയങ്ങളും നിഷേധധാർത്ഥം കാണിക്കാനായി പ്രയോഗിച്ചുകാണുന്നുണ്ട്.

ഉദാ: അറിയരുദ്,കൂടാദെ,ബാകൂടാ,ഫറയണ്ട,ഫേടിക്കണ്ട.

കാലം

അറബിമലയാളത്തിലെ കാലപ്രത്യയങ്ങൾ താഴെകൊടുക്കുന്നു.

കാലംപ്രത്യയം

| കാലം | പ്രത്യയം | ഉദാഹരണം |
|---|---|---|
| ഭൂതം | ഇ, ഉ | ഓദി<br>കൊന്നു |
| വർത്തമാനം | ഉന്നു | ചൊല്ലുന്നു |
| ഭാവി | ഉം, മേ | അയിക്കും<br>യെത്തുമേ |

പ്രകാരം

അറബിമലയാളത്തിൽ നാലുപ്രകാരങ്ങളാണുള്ളത്. പ്രകാരസംജ്ഞകളും പ്രത്യയങ്ങളും താഴെ കൊടുക്കുന്നു.

| നമ്പർ | പ്രകാരം | അ-മ പ്രത്യയം | ഉദാഹരണം |
|---|---|---|---|
| 1 | നിർദ്ദേശകം | പ്രത്യയമില്ല | ചൊല്ല് |
| 2 | നിയോജകം | വിൻ, ഈനെ, ഈരെ, ഈർ, ഏനേ | തേടുവിൻ<br>കേൾഫീനെ<br>കേൾവീരെ<br>വൻദീടുവീർ<br>കേഫേ്ഫനേ |
| 3 | വിധായകം | അണം | തരണം |
| 4 | അനുജ്ഞായകം | ആം | കാണാം |

അനുപ്രയോഗം

ധാതുക്കളെ സഹായിക്കാനായി അതിനുതൊട്ടുതന്നെ മറ്റൊരു ധാതുപ്രയോഗിക്കുന്നതാണ് അനുപ്രയോഗം.

ഉദാ: ഫറഞ്ഞിട്ടുന്റ്, ബെച്ചിട്ടുൻട്,കൊണ്ടുപോയിവിട്ടു,ചാച്ചിക്കൊടുത്തു.

പുരുഷഭേദംചേർന്നരൂപങ്ങൾ

ലിംഗവചനപ്രത്യയങ്ങൾ ചേർന്ന ക്രിയാരൂപങ്ങൾ പ്രയോഗിച്ചുകാണുന്നു.

ഉദാ:- ചോദിക്കുന്നൻ,ചൊല്ലിയാർ,ഫറഞ്ഞാൾ,തുടർത്താൻ,അമൈത്താൻ, വൻദീടുവീർ.

സമാസം

അറബിമലയാളത്തിലെ സമാസങ്ങളും ഉദാഹരണങ്ങളും താഴെ കൊടുക്കുന്നു

| നമ്പർ | സമാസം | അ.മ.ഉദാഹരണം |
|---|---|---|
| 1 | തത്പുരുഷൻ | ഖൽബകം |
| 2 | ബഹുവ്രീഹി | മുല്ലഫൂബീവി |
| 3 | ദ്വന്ദ്വൻ | മല്ലികമുല്ല |

സന്ധി

അറബിമലയാളകൃതികളിൽ കാണാൻകഴിയുന്ന സന്ധിപ്രക്രിയകൾ താഴെ ചേർക്കുന്നു

ലോപസന്ധി

അദ്+ആകുന്നത് - ആദാകുന്നത്

യെൻദ്+ആവൂയെന്ന് - യെൻദാവൂയെന്ന്

യെന്ന്+അദിൽ - യെന്നദിൽ

ബെച്ചിട്ട്+ഉൻട് - ബെച്ചിട്ടുൻട്

മറ്റൊരു സ്വരം പരമായി വന്നാൽ സംവൃതോകാരം ലോപിക്കുന്നു.

ആഗമസന്ധി

ചൊല്ലി+ ആർ - ചൊല്ലിയാർ

ഫള്ളി+ഇൽ - ഫള്ളിയിൽ

വെല+ഉള്ളെ - വെലയുള്ളെ

താലവ്യസ്വരമായ ഇകാരത്തിന് പകരമായി മറ്റൊരു സ്വരം വന്നപ്പോൾ യകാരം ആഗമിച്ചു

ദ്വിത്വസന്ധി

ഇ+ഫള്ളി - ഇഫ്ഫള്ളി
അ+നബി - അന്നബി
യി(ഇ)+കവി - യിക്കവി

ചുട്ടെഴുത്തിന് ശേഷംവരുന്ന വ്യഞ്ജനം ഇരട്ടിക്കുന്നു.

ആദേശസന്ധി

നാം+കൾ - നാങ്കൾ - നാങ്ങൾ
നീ+കൾ - നീങ്കൾ - നിങ്ങൾ

ഇവിടെ അനുനാസികാദേശമാണ് സംഭവിക്കുന്നത്. അനുനാസികത്തോട് ചേർന്നുവരുന്ന ഖരം അനുനാസികമായിത്തീരുന്നു.

ബിശയം+ആയിരിക്കും - ബിശയമായിരിക്കും
ഇസ്‌ലാം+ആയ - ഇസ്ലാമായ

ഇവിടെ അനുസ്വാരത്തിന് മകാരം ആദേശമായി വന്നിരിക്കുന്നു.

നിഘണ്ടുപരം

പ്രാചീനപദങ്ങൾ

| പദം | മലയാള അർത്ഥം |
|---|---|
| കിള | വംശം |
| ഫൊളുദ് | പ്രകാശം |
| ബേദാമ്പർ | പ്രവാചകൻ |
| മിഞ്ചം | അല്പം |
| യേകൽ | വിധി |

രൂപഭേദംവന്നപദങ്ങൾ

| പദം | മലയാള അർത്ഥം |
|---|---|
| അനുമാദം | അനുവാദം |
| ചുമട് | ചുവട് |
| തുദി | സ്തുതി |
| ബശണം | ഭാഷണം |
| ശേശം | ശേഷം |

പ്രയോഗത്തിലുള്ള പദങ്ങൾ

| പദം | മലയാളഅർത്ഥം |
|---|---|
| കടൽ | കടൽ |
| കേളി | പ്രശസ്തി |
| തുടങ്ങുവാൻ | തുടങ്ങുവാൻ |
| നീളം | നീളം |
| ലോകർ | ജനങ്ങൾ |

തമിഴ്പദങ്ങൾ

| പദം | മലയാളഅർത്ഥം |
|---|---|
| യേള് | ഏഴ് |
| കീൾ | താഴെ |
| മൊളി | വാക്ക് |
| കോളി | കോഴി |
| ഉദവി | സഹായം |

അറബിപദങ്ങൾ

| പദം | മലയാളഅർത്ഥം |
|---|---|
| അള്ളാ | ദൈവം |
| സ്വലവാത് | രക്ഷാപ്രാർത്ഥന |
| സുൽത്താനുൽ ഔലിയ | ദിവ്യപുരുഷരിൽശ്രേഷ്ഠൻ |
| മുരീദ് | അനുയായി |

മലയാളവുമായുള്ള സാമ്യവ്യത്യാസങ്ങൾ

അറബിമലയാളകൃതികൾ വിശകലനവിധേയമാക്കിയപ്പോൾ ചില സവിശേഷതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവയെ മാനകമലയാളത്തിന്റെ വ്യാകരണം, പദാവലി എന്നിവയുമായി താരതമ്യത്തിന് വിധേയമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. താരതമ്യത്തിന്റെ മാനദണ്ഡം കേരളപാണിനീയമാണ് (രാജരാജവർമ്മ, 1896/1996).

വ്യാകരണതാരതമ്യം

വിശകലനത്തിലൂടെ കണ്ടെത്തിയ അറബിമലയാളവ്യാകരണസവിശേഷതകൾ മലയാളത്തിന്റെ വ്യകരണവുമായി താരതമ്യംചെയ്യുകയാണിവിടെ.

നാമം

അറബിമലയാളത്തിൽ അറബിനാമപദങ്ങൾ കാണുന്നു എന്നതാണ് ഒരു സവിശേഷത. ഇസ്ലാംമതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നത്കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇത്തരം അറബിനാമങ്ങൾ മലയാളത്തിന് അന്യമല്ല. കേരളത്തിലെ മുസ്ലിങ്ങളുടെ പേരുകളിൽ ഏറിയകൂറും അറബിജന്യമാണ്. അവ കേൾക്കുന്ന കേരളീയർക്ക് അതൊരു അന്യഭാഷാപദമായി തോന്നുന്നില്ല. അതുകൊണ്ടുതന്നെ നാമവിഭാഗത്തിൽ അറബിമലയാളം മലയാളത്തിൻനിന്നും ഒരു തരത്തിലും വ്യത്യാസപ്പെടുന്നില്ല.

സർവ്വനാമം

ഉത്തമപുരുഷസർവ്വനാമമായ നാൻ, നാങ്ങൾ, ഞാങ്ങൾ എന്നിവയിൽ പ്രഥമദൃഷ്ട്യാ ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. ഇവ യഥാക്രമം ഞാൻ, ഞങ്ങൾ എന്നീരൂപങ്ങളാണ്. അനുനാസികാതിപ്രസരവും താലവ്യാദേശവും വരാത്ത രൂപങ്ങളാണ് പ്രയോഗിച്ചിരിക്കുന്നത് എന്നുമാത്രം (രാജരാജവർമ്മ, 1896/1996:18).

നമയ് എന്ന ഉത്തമപുരുഷസർവ്വനാമം നമ്മൾ എന്നതിന് പകരമായി പ്രയോഗിച്ചുകാണുന്നു എന്നതാണ് ഏകവ്യത്യാസം. ഒറ്റസ്ഥലത്ത്മാത്രമേ ഇത് കാണുന്നുള്ളൂ.

മറ്റുസർവ്വനാമരൂപങ്ങൾ

ചോദ്യവാചിസർവ്വനാമമായ യേദ്, യെന്ത്,യെത്തിരസർവ്വവാചിസർവ്വനാമമായ യെല്ലാർ, യെല്ലാരും, യെല്ലാ, അംശവാചിസർവ്വനാമമായ യേറിയ നിർദ്ദിഷ്ടവാചിസർവ്വനാമമായ യിദ്, എന്നിവയുടെ പദാദിയിൽ യകാരം ആഗമിച്ചതിനാൽ വ്യത്യാസംതോന്നാം. എ, ഇ മുതലായ താലവ്യസ്വരങ്ങൾ ഉച്ചരിക്കുമ്പോൾ യകാരഛായയുണ്ട്. ഈ ഉച്ചാരണ സവിശേഷത എഴുത്തിലേക്ക്കൂടിവ്യാപിച്ചതാണിത്. ഇത്കൊണ്ട് അർത്ഥവ്യത്യാസമൊന്നും ഉണ്ടാകുന്നുമില്ല.

വചനം

മലയാളത്തെപ്പോലെത്തന്നെ ഏകവചനം, ബഹുവചനം എന്നിങ്ങനെ രണ്ട് വചനവ്യവസ്ഥകൾ തന്നെയാണ് അറബിമലയാളത്തിലുമുള്ളത്. വചനപ്രത്യയത്തിൽ വ്യത്യാസംതോന്നാവുന്ന ചിലപ്രയോഗങ്ങളുണ്ട്. പുല്ലിംഗരൂപത്തിവലുള്ള അറബിനാമങ്ങളോട് കൾ എന്ന ബഹുവചനപ്രത്യയം ചേർത്ത്കാണുന്നു. നബികൾ,ഉലുമാക്കൾ, സ്വഹബാക്കൾ എന്നീ ഉദാഹരണങ്ങളിലെ കൾ പ്രത്യയം മലയാളത്തിൽ സ്ത്രീലിംഗബഹുവചനത്തിലോ (ഉദാ: സ്ത്രീകൾ) അലിംഗബഹുവചനത്തിലോ (ഉദാ: കുട്ടികൾ) പൂജകവചനത്തിലോ(ഉദാ:സ്വാമികൾ) ആണ് പ്രയോഗിക്കുന്നത് (രാജരാജവർമ്മ, 1896/1996:130,131).

എന്നാൽ നബികൾ, ഉലുമാക്കൾ, സ്വഹബാക്കൾ എന്നിവ യഥാക്രമം നബിമാർ, ഉലമാക്കൻമാർ, സ്വഹബാക്കൻമാർ എന്നിങ്ങനേയും പ്രയോഗിക്കാറുണ്ട്. മാത്രമല്ല നബി (പ്രവാചകൻ), സ്വഹബാക്കൾ (പ്രാവാചകാനുചരൻമാർ), ഉലുമാക്കൾ (പണ്ഡിതൻമാർ) എന്നിവർ പൂജനീയരായതിനാലാവണം കൾഎന്നുചേർത്തിരിക്കുന്നത്.

പൂജകവചനത്തിനും ഉത്തമപുരുഷബഹുവചനത്തിനും ഓവർ എന്ന് പ്രയോഗിച്ചു കാണുന്നുണ്ട്. ഓവർ യഥാർത്തത്തിൽ അവർതന്നെയാണ്. അവർ എന്നത് ഓവർ > ഓർ എന്നിങ്ങനെ ഉച്ചരിക്കാറുണ്ട് (രാജരാജവർമ്മ, 1896/1996:249). ഈ ശീലം അതേപടി വരമൊഴിയിലേക്ക് പകർന്നതാണ്. പൂജകവചനമായും ഉത്തമപുരുഷസർവ്വനാമമായും ഓർ വടക്കേമലബാറിൽ ഇപ്പോഴും പ്രയോഗത്തിലുണ്ട്.

വിഭക്തി

നിർദ്ദേശികയുടെ കാര്യത്തിൽ മലയാളവും അറബിമലയാളവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. പ്രതിഗ്രാഹികയ്ക്ക് എ മാത്രമാണ് മലയാളത്തിലുള്ള പ്രത്യയം. എന്നാൽ അറബിമലയാളത്തിൽ ഇതിനുപുറമെ ഇന(മഖാമിന, വിനെ(ബസ്തുവിനെ, ഊനെ (ബസ്തൂനെ,ന(മുലന, യെ (വൊലിയെഎന്നിങ്ങനെ ചില പ്രത്യയങ്ങളും കാണുന്നുണ്ട്.

മഖാമിന എന്നിടത്ത് എ തന്നെയാണ് പ്രതിഗ്രാഹികപ്രത്യയം. മഖാം+ ഇൻ + എ > മഖാമിനെ എന്നതാണ് രൂപം. ഇൻ എന്ന ഇടനിലയെക്കുറിച്ച് എ.ആർ രാജരാജവർമ്മ (1896/1996:148) സൂചിപ്പിക്കുന്നുണ്ട്. മഖാമിനെ എന്നതിലെ പദാന്ത്യത്തിലുള്ള എകാരം വാമൊഴിയിൽ അകാരമായി മാറുന്നു. മലബാറിൽ ഇപ്പോഴും അവന അടിച്ചു (അവനെ അടിച്ചു) എന്ന പ്രയോഗമുണ്ട്. വാമൊഴി സ്വാധീനമാണ് ഇവിടെ കാണുന്നത്.

ബസ്തുവിനെ എന്നതിലും എകാരമാണ് പ്രതിഗ്രാഹികപ്രത്യയം. ബസ്തു + ഇൻ+എ> ബസ്തുവിനെ. ഇതിൽ ബസ്തു എന്ന പൂർവ്വപദാന്ത്യത്തിലെ ഓഷ്ഠ്യസ്വരമായ ഉകാരം ഇ എന്ന സ്വരവുമായി ചേരുമ്പോൾ വകാരം ആഗമിക്കുന്നു. ഇവിടെ പ്രതിഗ്രാഹികപ്രത്യയം വിനെ എന്നല്ല എ എന്നുതന്നെയാണ്.

ബസ്തൂനെ എന്നതിലും എകാരമാണ് പ്രതിഗ്രാഹികപ്രത്യയം. ബസ്തുവിനെ എന്നത് ഉച്ചാരണസൗകര്യാർത്ഥം ബസ്തൂനെ എന്ന് ഉച്ചരിക്കുന്നതാണ്. കിട്ടൂനെ (കിട്ടുവിനെ), ചാത്തൂനെ(ചാത്തുവിനെ)എന്നെല്ലാം വാമൊഴിലുണ്ട്. ഇത് അതേപടി വരമൊഴിയിലേക്ക് ആക്കിയതാണ്.

മുല+എ> മുലയെ എന്നാണ് വേണ്ടത്. എന്നാൽ മലബാറിൽ അമ്മന (അമ്മയെ), കുട്ടിന (കുട്ടിയെ) എന്നിങ്ങനെ വാമൊഴിപ്രയോഗങ്ങളുണ്ട്. ഈ സ്വാധീനം വരമൊഴിയേക്ക് പകർന്നതാണ്.

വൊലിയെ എന്നതിൽ യെ അല്ല എ തന്നെയാണ് പ്രതിഗ്രാഹികപ്രത്യയം. വൊലി+എ>വൊലിയെ എന്നാണ് രൂപം അഥവാ പൂർവ്വപദാന്ത്യത്തിലെ താലവ്യമായ ഇകാരത്തിന് സ്വരം പരമായപ്പോൾ യകാരം ആഗമിച്ചതാണ്.

സംയോജികയ്ക്ക് ഓട് എന്നതിനുപുറമെ അറബിമലയാളത്തിൽ ആട് (അള്ളാട്), ക്ക് (ഫഖ്ഫള്ളിക്കി), എ (വൊരുത്തരെ) എന്നീ പ്രത്യയങ്ങൾകാണുന്നു. ഇതിൽ അള്ളാട് എന്നതിലെ ആട് ഓട് തന്നെയാണ്. അമ്മാട് (അമ്മയോട്), ഉമ്മാട് (ഉമ്മയോട്) എന്നിങ്ങനെയുള്ള മലബാർവാമൊഴി അതേപടി എഴുതിയതാണ്. ശേഷമുള്ള രണ്ടും (ക്ക്, എ) കാവ്യസാഹചര്യത്തിൽ മനോധർമ്മംപോലെ പ്രയോഗിച്ചതാണ്. കാവ്യങ്ങളിൽ വിഭക്തിപ്രത്യയങ്ങൾ യാതൊരുവ്യവസ്ഥയും

കൂടാതെ പ്രയോഗിക്കാമെന്ന് ചൊല്ലതികാരത്തിലേയും തൊൽകാപ്യത്തിലേയും വരികൾ ഉദ്ധരിച്ചുകൊണ്ട് ഇളംകുളം കുഞ്ഞൻപിള്ള (1953/1976:178) അഭിപ്രായപ്പെടുന്നുണ്ട്.

ഉദ്ദേശികയുടെ ക്ക്, ന് എന്നീ പ്രത്യയങ്ങളിൽ ന് എന്ന പ്രത്യയം അറബിമലയാളത്തിൽ കാണുന്നില്ല പകരം ഇനി (ഫടഫ്ഫിനി ), യിക്ക് (അവരിക്ക്) എന്നിവയാണുള്ളത്. ഫടഫ്ഫിന് എന്നതിലെ ഇനി ന് തന്നെയാണ്. ഫടഫ്ഫ് +ന്>ഫടഫ്ഫിന് എന്നതിന്റെ അന്ത്യത്തിൽ സംവൃതോകാരകത്തിന് പകരം ഇകാരം ചേർത്തതാണ്. ഇത്തരം പ്രയോഗങ്ങൾ മുഹ്യിദ്ദീൻമാലയിൽ വേറേയുമുണ്ട്. നാവിന് (നാവിനി), കള്ളന് (കള്ളനി), മുരീദിന് (മുരീദിനി) എന്നിവ ഉദാഹരണങ്ങളാണ്. വാമൊഴിസ്വാധീനമാണ് ഇവിടെയും കാണുന്നത്.

അവരിക്ക് എന്നതിലെ ഇക്ക് എന്ന പ്രത്യയം ക്ക് തന്നെയാണ്. അവർക്ക് എന്നതിൽ ഇ എന്ന് ഇടനിലചേർത്ത് ഉച്ചരിക്കുന്ന രീതി മാപ്പിളവാമൊഴിലുണ്ട്. അവൻ + ക്ക്> അവനിക്ക് അവൾ + ക്ക് > അവളിക്ക് എന്നീ പ്രയോഗങ്ങൾ ഇപ്പോഴും പ്രചാരത്തിലുണ്ട്.

സംയോജികാപ്രത്യയത്തിൽ യാതൊരുമാറ്റവും അറബിമലയാളവും മലയാളവും തമ്മിലില്ല.സംബന്ധികാപ്രത്യങ്ങളായി ന്റെ,ഉടെ എന്നിവയാണ് മലയാളത്തിലുള്ളത്. എന്നാൽ അറബിമലയാളത്തിൽ അ (യെല്ലാര), എ(അവരെ) എന്നിങ്ങനെ രണ്ടെണ്ണം അധികം കാണുന്നുണ്ട്. ഇവ രണ്ടും വാമൊഴിസ്വാധീനഫലമായി വന്നതാണ്. നായരകട (നായരുടെ കട), വൈദ്യരെകുട (വൈദ്യരുടെ കുട) എന്നിങ്ങനെ മലബാർവാമൊഴിയിൽ പ്രയോഗിക്കാറുണ്ട്.

ഇൽ, കൽ എന്നിവയാണ് മലയാളത്തിലെ ആധാരികാപ്രത്യയങ്ങൾ. എന്നാൽ അറബിമലയാളത്തിൽ ആയിൽ (തൗബായിൽ), ഇയിൽ (അദിയിൽ), ഇങ്കൽ (കിതാബുകളിങ്കൽ), ഉൻകൽ (ഖബറുങ്കൽ) എന്നിങ്ങനെ ചില പ്രത്യയങ്ങൾ കാണുന്നുണ്ട്.

തൗബായിൽ എന്നതിലെ ആയിൽ, ഇൽ തന്നെയാണ്. തൗബ എന്ന അറബിപദം തൗബാ എന്ന് പദാന്ത്യത്തിലെ അകാരം ദീർഘിപ്പിച്ചാണ് ഉച്ചരിക്കുക.തൗബാ+ഇൽ > തൗബായിൽ എന്നതാണ് രൂപം പൂർവ്വപദാന്തമായ അകാരവും ഉത്തരപദാദ്യത്തിലെ ഇകാരവും ചേരുമ്പോൾ താലവ്യമായ യകാരം ആഗമിച്ചതാണ്.

ഇയിൽ(അദിയിൽ) എന്നത് ഇൽ തന്നെയാണ്. അദ്+ഇൽ> അദിൽ>അദിയിൽ എന്നതാണ് രൂപം. ഇത് മാപ്പിളവാമൊഴിസ്വാധീനമാണ്. അതിശുദ്ധീകരണത്തിന്റെ ഫലമായാണ് ഇത് സംഭവിക്കുന്നത്.

ഇങ്കൽ(കിതാബുകളിങ്കൽ)എന്നൊരു ആധാരികപ്രത്യയമില്ല. കൽ എന്ന പ്രത്യയം ഇൻ എന്ന ഇടനിലചേർത്ത് എഴുതുന്നതാണിത്. ചേതനങ്ങൾക്കാണ് ഇൻ എന്ന് ഇടനിലചേർക്കാറുള്ളത് എന്നാണ് കേരളപാണിനി (1896/1996:149) അഭിപ്രായപ്പെടുന്നത്. എന്നാൽ ഇവിടെ കിതാബുകൾ എന്ന അചേതനത്തോടും ഇടനിലചേർത്തിരിക്കുന്നു(കിതാബുകൾ+ഇൻ+കൽ>കിതാബുകളിങ്കൽ)ഇങ്ങനെയല്ലാതെകിതാബുകളിൽ എന്നും പ്രയോഗിക്കാറുണ്ട്. ഖബറുങ്കൽ എന്നതിലെ ഉങ്കൽ മറ്റൊരു ആധാരികാപ്രത്യയമല്ല. ഉൻ എന്ന് ഇടനിലചേർത്ത് എഴുതിയതാണ്. ഖബർ +ഉൻ+കൽ>ഖബറുങ്കൽ എന്നതാണ് രൂപം. ഇതുതന്നെ ഖബറിങ്കൽ എന്ന് ഇൻ ഇടനിലചേർത്ത് ഉപയോഗിക്കാറുണ്ട്.

മിശ്രവിഭക്തിയുടെ കാര്യത്തിൽ മലയാളത്തിന്റെ രീതിതന്നെയാണ് അറബിമലയാളവും പിൻതുടരുന്നത്. യിടയീന്ന് എന്നത് ഇടയിൽനിന്ന് എന്നതിന്റെ വാമൊഴിപ്രയോഗമാണ് അല്ലാതെ മറ്റൊരുപ്രത്യയമല്ല.

നിഷേധക്രിയകൾ

അരുത്,കൂടാ എന്നിവയ്ക്ക് പുറമെ അണ്ട എന്നൊരു നിഷേധരൂപവും കാണുന്നുണ്ട്. എന്നാൽ ഇത് അണ്ട അല്ല വേണ്ട എന്നുതന്നെയാണ്. ഫറയവേണ്ട എന്നത് പറയണ്ട എന്ന് പ്രയോഗിക്കാറുണ്ട്.

പ്രകാരം

നിയോജകപ്രകാരത്തിന്റെ ചിലപ്രത്യയങ്ങളൊഴിച്ച് ബാക്കിയെല്ലാംതന്നെ മലയാളത്തിനുതുല്യമാണ്. എന്നാൽ നിയോജകപ്രകാരത്തിന് ഈനെ,ഈരെ,ഈർ, ഏനെ എന്നിങ്ങനെയെല്ലാം പ്രത്യയരൂപങ്ങൾ കാണുന്നുണ്ട്. അവയെല്ലാംതന്നെ വാമൊഴി സ്വാധീനഫലമാണ്. അവയെ സാമാന്യവൽക്കരിക്കേണ്ടകാര്യമില്ല.

അപൂർണ്ണക്രിയ

അപൂർണ്ണക്രിയയുടെ പേരെച്ചരൂപങ്ങൾ എകാരത്തിൽ അവസാനിക്കുന്ന രീതിയാണ് അറബിമലയാളത്തിൽ കാണുന്നത്. ചത്തെ, മൊളിയുന്നെ ഇത്തരം രൂപങ്ങൾ വരുന്നത് വാമൊഴി സ്വാധീനഫലമായാണ്. കണ്ടെപെണ്ണ്, പോയെസ്ഥലം എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മലബാറിൽ ഇപ്പോഴും നിലവിലുണ്ട്.

ലിംഗം, ഭേദകം,ദ്യോതകം,ഗതി, ഘടകം, പൂർണ്ണക്രിയ, കാലം, അനുപ്രയോഗം എന്നിവയിൽ മലയാളത്തിൽനിന്ന് യാതൊരുവ്യത്യാസവും അറബിമലയാളം പ്രകടിപ്പിക്കുന്നില്ല.

സന്ധി

മലയാളത്തിൽ നിന്നും വ്യത്യസ്തമായ സന്ധി പ്രക്രിയകളൊന്നുംതന്നെ അറബിമലയാളത്തിൽ സംഭവിക്കുന്നില്ല. മലയാളത്തിലെ സന്ധിസ്വഭാവങ്ങൾ അതേപടി പാലിക്കുകയാണ് ചെയ്യുന്നത്.

ലോപസന്ധി

| | | |
|---|---|---|
| അദ്+ആകുന്നത് | - | ആദാകുന്നത് |
| യെൻദ്+ആവൂയെന്ന് | - | യെൻദാവൂയെന്ന് |
| യെന്ന്+അദിൽ | - | യെന്നദിൽ |
| നിന്ന്+ആണ് | - | നിന്നാണ് |
| ബെച്ചിട്ട്+ഇൻട് | - | ബെച്ചിട്ടുൻട് |
| ഫറഞ്ഞിട്ട്+ഉൻട് | - | ഫറഞ്ഞിട്ടുണ്ട് |
| ബേദിയർക്ക്+അവൻ | - | ബേദിയർക്കവൻ |

മറ്റൊരു സ്വരം പരമായി വന്നാൽ സംവൃതോകാരം ലോപിക്കും എന്ന നിയമം തന്നെയാണ് ഇവിടെയും സംഭവിക്കുന്നത്.

സ്വരത്തിൻ മുൻപ് ലോപിക്കും
സംവൃതം വ്യർത്ഥമാകയാൽ
അതിനെ സ്വരമായിട്ടേ
വകവെയ്ക്കേണ്ട സന്ധിയിൽ
(രാജരാജവർമ്മ, 1896/1996:90)

ആഗമസന്ധി

| | | |
|---|---|---|
| ചൊല്ലി+ ആർ | - | ചൊല്ലിയാർ |
| ഫള്ളി+ഇൽ | - | ഫള്ളിയിൽ |

വെല+ഉള്ളെ - വെലയുള്ളെ

താലവ്യസ്വരമായ ഇകാരത്തിന് പരമായി മറ്റൊരു സ്വരം വന്നപ്പോൾ 'യ്'കാരം ആഗമിച്ചു

വർജ്ജിപ്പൂ സ്വരസംയോഗം
'യ്'വ്' ചേർത്തു യഥാവലേ
പൂർവ്വം താലവ്യമാണെങ്കിൽ
യകാരമതിലേയ്കണം (രാജരാജവർമ്മ, 1896/1996:92)

എന്ന കേരളപാണിനീയത്തിലെ നിയമം തന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്.

ദിത്വസന്ധി

ഇ+ഫള്ളി - ഇഫ്ഫള്ളി
അ+നബി - അന്നബി
യി+കവി - യിക്കവി

ചുട്ടെഴുത്തിന് ശേഷംവരുന്ന വ്യഞ്ജനം ഇരിട്ടിക്കാം.

ചുട്ടെഴുത്തിന് പിൻവന്നാൽ
മെയ്യേതും ദ്വിത്വമാർന്നിടും
പരം ശിഥിലമാണെങ്കി
ലിതേ ദീർഘിക്കിലും മതി
(രാജരാജവർമ്മ 1896/1996:101)

ആദേശസന്ധി

നാം+കൾ - നാങ്കൾ - നാങ്ങൾ
നീ+കൾ - നീങ്കൾ - നിങ്ങൾ

ഇവിടെ അനുനാസികാദേശമാണ് സംഭവിക്കുന്നത് അഥവാ അനുനാസികത്തോട് ചേർന്നുവരുന്ന ഖരം അനുനാസികമായിത്തീരുക എന്ന മാറ്റമാണിത്.

അനുനാസികാദേശം
പിൻപ്രത്യയഖരത്തിന്
(കേരളപാണിനീയം. 1895/1969:136)

ബിശയം+ആയിരിക്കും - ബിശയമായിരിക്കും
ഇസ്ലാം+ആയ - ഇസ്ലാമായ

ഇവിടെ അനുസ്വാരത്തിന് മകാരം ആദേശമായി വന്നിരിക്കുന്നു.
മകാരം താനനുസ്വാരം
സ്വരം ചേർന്നാൽ തെളിഞ്ഞിടും
(രാജരാജവർമ്മ, 1896/1996 : 105)

മേൽസൂചിപ്പിച്ച സന്ധിപ്രക്രിയകളെല്ലാം മലയാളത്തിന്റേതിന് തുല്യമാണ് അറബിമലയാളത്തിന്റേതുമാത്രമായി ഒരു സന്ധി നിയമവുമില്ലെന്നു വ്യക്തം.

പദസഞ്ചയതാരതമ്യം

അറബി, തമിഴ് തുടങ്ങിയ ഇതരഭാഷകളിൽനിന്നുമുള്ള പദങ്ങൾ അറബിമലയാളത്തിലുണ്ട് അവയെ തൽഭവമായോ തൽസമമായോ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഈ രീതി മലയാളത്തിലുമുണ്ട്. ഇത്കൂടാതെ പദങ്ങളിൽ ചില സ്വര - വ്യഞ്ജനവിനിമയം കാണാൻ കഴിഞ്ഞിട്ടുണ്ട്.

## സ്വരപരിണാമം

അറബിമലയാള കൃതികളിൽ കാണാൻകഴിഞ്ഞ പ്രധാനസ്വരപരിണാമങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| സ്വരവിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| അ>ഇ | - | സങ്കടം<br>(സങ്കിടം | - |
| അ>എ | - | - | ചത്ത<br>(ചത്തെ |
| ഇ>ഉ | പിള്ളേർ<br>(-ഫുള്ളർ | - | - |
| ഇ>എ | വില<br>(വെല | - | |
| ഉ>എ | ഉറുമ്പ്<br>(യെറുമ്പ് | - | - |
| ഉ>ഒ | കുറവ്<br>(കൊറവ് | - | - |

## വ്യഞ്ജനപരിണാമം

പ്രധാനപ്പെട്ട വ്യഞ്ജനപരിണാമങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| വ്യഞ്ജന വിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| ക > വ | - | - | മുതുക്<br>(മുതുവ് |
| ഘ >ക | ഘോഷം<br>(കോശം | - | - |
| ച > ശ | - | - | ഒച്ച<br>(ഓശ |
| ഞ > ന | ഞങ്ങൾ<br>(നാങ്ങൾ | - | - |
| ണ > ന | - | ഉൺമ<br>ഉൻമ | വണ്ണം<br>ബന്നം |
| ത > ദ | - | മുതലായ<br>മുദലായ | അരുത്<br>അരുദ് |
| ഥ > ത | സ്ഥാനം<br>താനം | - | - |
| ദ > ത | ദിശ<br>തിശ | - | - |
| ധ > ദ | - | - | വിധി<br>ബിദി |
| ന > മ | - | തിന്നാൻ<br>തിമ്മാൻ | - |
| പ > വ | - | നിലപ്പാട്<br>നിലവാട് | കോപം<br>(കോവം |
| പ > ബ | - | - | ദീപം<br>ദീബം |
| ഭ > പ | ഭാഗ്യം<br>(ഫാ(പ)ക്കിയം | - | - |
| ഭ > വ | - | ആഭരണം<br>ആവരണം | - |

| വ്യഞ്ജന വിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| ഭ > ബ | ഭൂമി<br>ബൂമി | - | - |
| ര > ല | രാവ്<br>ലാവ് | - | - |
| വ > ക | - | - | ശവം<br>(ചകം |
| വ > ബ | വാനം<br>ബാനം | - | - |
| വ > മ | വാങ്ങുവാൻ<br>മാങ്കുവാൻ | ചുവട്<br>ചുമട് | - |
| ശ > ച | ശവം<br>ചകം | - | - |
| ശ > ഷ | - | മനുഷ്യൻ<br>മനുശ്യൻ | - |
| ഷ > ശ | - | വിഷയം<br>(ബിശയം | ശേഷം<br>ശേശം |
| ഷ > ള | - | - | വിശേഷം<br>(ബിശേളം |
| ഹ > ക | - | പഹയൻ<br>(ഫകയൻ | - |
| ഴ > യ | - | - | താഴെ<br>തായെ |
| ഴ > ശ | - | - | താഴെ<br>താശെ |
| ഴ > ള | - | തൊഴുതു<br>തൊളുദു | - |

പദാദ്യത്തിൽ വ്യഞ്ജനപരിണാമം കാണുന്നത് പൊതുവെ സംസ്കൃതജന്യപദങ്ങളിലാണ്. പദമധ്യത്തിലോ പദാന്ത്യത്തിലോ വരുന്ന ഖരം, അതിഖരം, ഘോഷം തുടങ്ങിയവ മൃദുവായാണ് ഉച്ചരിക്കുന്നത്. പദാദിയിലെ 'വ>ബ' വിനിമയം വളരെ വ്യാപകമാണ്.
മേൽപട്ടികയിൽ സൂചിപ്പിച്ച മാറ്റങ്ങളൊന്നുംതന്നെ മലയാളത്തിനന്യമല്ല. ഉച്ചാരണ സൗകര്യത്തിലുള്ള വാമൊഴി സ്വാധീനം കാരണം സംഭവിച്ചിരിക്കുന്ന മാറ്റങ്ങളാണ് ഇവയെല്ലാതന്നെ.

ഇതുവരെ നടത്തിയ താരതമ്യത്തിൽനിന്നും മനസ്സിലാവുന്നത് അറബിമലയാളത്തിന് മാത്രമായി വ്യാകരണതലത്തിൽ സവിശേഷതകൾ ഒന്നുംതന്നെ ഇല്ല എന്നാണ്. മലയാളത്തിന്റെ വ്യാകരണവും ഭാഷാസ്വഭാവവും പൂർണ്ണമായും പാലിക്കുന്ന രീതിയാണ് അറബിമലയാളത്തിനുള്ളത്. വാമൊഴിയുടേയും നാടോടിവഴക്കത്തിന്റേയും സ്വാധീനം കൂടുതലാണെന്നുമാത്രം.അറബിമലയാളകൃതികൾവായിച്ചുകേൾക്കുന്ന ഒരു സാധാരണമലയാളിക്ക് അർത്ഥഗ്രഹണം സാധ്യമാവുന്നുണ്ട്. പദപ്രയോഗവൈചിത്ര്യത്താലും പരകീയപദങ്ങളുടെ ആധിക്യത്താലും ചിലപ്പോൾ ക്ലിഷ്ടത അനുഭവപ്പെട്ടുവെന്നുവന്നേക്കാം.

അറബിയും മലയാളവും ചേരുന്ന മറ്റൊരു മണിപ്രവാളശൈലിതന്നെയാണ് അറബിമലയാളവും. മുഹ്യിദ്ദീൻമാലയുടെ രചനാകാരൻ ഇക്കാര്യം ഭംഗ്യന്തരേണ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

മുത്തുംമാണിക്കവും വൊന്നായ്കോത്തപോൽ

മുഹ്‌യിദ്ദീൻമാലന കോത്തൻഞാൻ ലോകരെ

മണിപ്രവാളത്തിന്റെ ഭാഷാപ്രയോഗം തികച്ചും സാങ്കേതികവും നിർദ്ദിഷ്ട ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്നതുമാണ്. എന്നാൽ അറബിമലയാളത്തിൽ അറബിപദങ്ങളുടേയും മറ്റുപദങ്ങളുടേയും പ്രയോഗങ്ങൾക്ക് പ്രത്യേകിച്ച് നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ല.മലയാളത്തിൽ രചന നിർവ്വഹിക്കുന്നു എന്ന പൂർണ്ണവിശ്വാസത്തിലാണ് അറബിമലയാള എഴുത്തുകാർ കൃതികൾ രചിക്കുന്നത്.

> യിദിന്റെ ഫേര് ബയിതുല്ലിയം യെന്നായിരിക്കും. മേൽഫറഞ്ഞ കിതാബുകളിൽ നിന്ന് യെല്ലാം കൂട്ടിയെടുത്ത് മലയാളത്തിൽ ഈ കിതാബിനെ യെല്ലാമലയാളക്കാർക്കും ഫടിക്കലും മനഫ്ഫാടമിടലും യെളുഫ്ഫമാവാൻ വേണ്ടിയും ................. (കോയക്കുട്ടിതങ്ങൾ, വർഷം വ്യക്തമല്ല )
>
> ഉലമാക്കൻമാരും ഹുക്കമാക്കൻമാരും ഫലെ ഫലെ ബാശകളിലായി വളെര കിതാബുകളേയും യേടുകളേയും ഉണ്ടാക്കി നടത്തിയിരിക്കുന്നു. നമ്മുടെ മലയാളബാശയിൽ അദുകളെ വകയിൽ ഫ്റമാണ്ക്കത്തെക്കവണ്ണം മദിയായദ് യാദൊന്നും യിദുവരെ ഉണ്ടാക്കഫെട്ടദ് കാണായ്കയാൽ ഈ ഉഫകാരം എന്ന തർജ്ജമനെ യിദാ നമ്മളുണ്ടാക്കുന്നു (അഹമ്മദ് മുസ്ല്യാർ, വർഷം വ്യക്തമല്ല :2)

എന്നിങ്ങനെ രചന നടത്തുന്നത് മലയാളത്തിലും മലയാളികൾക്കും വേണ്ടിയാണ് എന്ന് വ്യക്തമായിതന്നെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അറബിമലയാളം മറ്റൊരു സവിശേഷഭാഷയോ ഭാഷാമിശ്രമോ അല്ല. മറിച്ച് മലയാളത്തിന്റെ ഒരു സാമൂഹിക ഭാഷാഭേദം മാത്രമാണ്. പരിഷ്ക്കരിച്ച അറബിലിപിയിൽ മാപ്പിളവാമൊഴി രേഖപ്പെടുത്തിയതാണിത്. പദസഞ്ചയത്തിലും സാഹിത്യശാഖകളിലും രചനാസങ്കേതങ്ങളിലും തനതും വൈവിധ്യപൂർണ്ണവുമായ ചില സവിശേഷതകൾ പുലർത്തിപ്പോരുന്നുവെന്നുമാത്രം.

മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും വിശാലഭൂമികയിൽ അറബിമലയാളത്തിന് അർഹമായ സ്ഥാനമുണ്ട്. കൈരളിക്ക് മാപ്പിളമാരുടെ മഹത്തായ സാഹിത്യസംഭാവനയാണ് അറബിമലയാളവും അതിന്റെ സാഹിത്യവും.


1. അബു, ഒ.അറബിമലയാളസാഹിത്യചരിത്രം. കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ.1970
2. കരീം, സി.കെ.പ്രാചീനകേരളവും മുസ്ലീം ആവിർഭാവവും. കോഴിക്കോട്: ഇസ്ലാമിക് സാഹിത്യ അക്കാദമി.1999
3. ഷംസുദ്ദീൻ, കെ.ഒ. മാപ്പിളമലയാളം - ഒരു ഭാഷാമിശ്രം. തിരുവനന്തപുരം: കേരള യൂനിവേഴ്സിറ്റി.1978
4. മുഹ്‌യിദ്ദീൻ, എം, മാപ്പിളപ്പാട്ടുകളുടെ സാഹിത്യസാംസ്കാരികമൂല്യങ്ങൾ - മോയിൻകുട്ടിവൈദ്യരുടെ കൃതികളെ ആധാരമാക്കി ഒരു പഠനം (അപ്രകാശിത ഗവേഷണ പ്രബന്ധം). കാലിക്കറ്റ് യൂണിവേഴ്സിറ്റി.1992
4. മുഹമ്മദ്കുഞ്ഞി, പി.കെ, മുസ്ലിമീങ്ങളും കേരളസംസ്കാരവും. തൃശൂർ: കേരളസാഹിത്യ അക്കാദമി.1982
5. കാരശ്ശേരി, എം.എൻ., പുലിക്കോട്ടിൽ ഹൈദറുടെ കൃതികൾ. വണ്ടൂർ: മാപ്പിളകലാസാഹിത്യവേദി.1979

| വ്യഞ്ജന വിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| ഭ > ബ | ഭൂമി<br>ബൂമി | - | - |
| ര > ല | രാവ്<br>ലാവ് | - | - |
| വ > ക | - | - | ശവം<br>ച്രകം |
| വ > ബ | വാനം<br>ബാനം | - | - |
| വ > മ | വാങ്ങുവാൻ<br>മാങ്കുവാൻ | ചുവട്<br>ചുമട് | - |
| ശ > ച | ശവം<br>ചകം | - | - |
| ശ > ഷ | - | മനുഷ്യൻ<br>മനുശ്യൻ | - |
| ഷ > ശ | - | വിഷയം<br>ബ്വിശയം | ശേഷം<br>ശേശം |
| ഷ > ള | - | - | വിശേഷം<br>ബ്വിശേളം |
| ഹ > ക | - | പഹയൻ<br>ഫ്കയൻ | - |
| ഴ > യ | - | - | താഴെ<br>തായെ |
| ഴ > ശ | - | - | താഴെ<br>താശെ |
| ഴ > ള | - | തൊഴുതു<br>തൊളുദു | - |

പദാദ്യത്തിൽ വ്യഞ്ജനപരിണാമം കാണുന്നത് പൊതുവെ സംസ്കൃതജന്യപദങ്ങളിലാണ് പദമധ്യത്തിലോ പദാന്ത്യത്തിലോ വരുന്ന ഖരം, അതിഖരം, ഘോഷം തുടങ്ങിയവ മൃദുവായാണ് ഉച്ചരിക്കുന്നത്. പദാദിയിലെ 'വ>ബ' വിനിമയം വളരെ വ്യാപകമാണ്.
മേൽപ്പട്ടികയിൽ സൂചിപ്പിച്ച മാറ്റങ്ങളൊന്നുംതന്നെ മലയാളത്തിനന്യമല്ല. ഉച്ചാരണ സൗകര്യത്തിലുള്ള വാമൊഴി സ്വാധീനം കാരണം സംഭവിച്ചിരിക്കുന്ന മാറ്റങ്ങളാണ് ഇവയെല്ലാതന്നെ.

ഇതുവരെ നടത്തിയ താരതമ്യത്തിൽനിന്നും മനസ്സിലാവുന്നത് അറബിമലയാളത്തിന് മാത്രമായി വ്യാകരണതലത്തിൽ സവിശേഷതകൾ ഒന്നുംതന്നെ ഇല്ല എന്നാണ്. മലയാളത്തിന്റെ വ്യാകരണവും ഭാഷാസ്വഭാവവും പൂർണ്ണമായും പാലിക്കുന്ന രീതിയാണ് അറബിമലയാളത്തിനുള്ളത്. വാമൊഴിയുടേയും നാടോടിവഴക്കത്തിന്റേയും സ്വാധീനം കൂടുതലാണെന്നുമാത്രം.അറബിമലയാളകൃതികൾവായിച്ചുകേൾക്കുന്ന ഒരു സാധാരണമലയാളിക്ക് അർത്ഥഗ്രഹണം സാധ്യമാവുന്നുണ്ട്. പദപ്രയോഗവൈചിത്ര്യത്താലും പരകീയപദങ്ങളുടെ ആധിക്യത്താലും ചിലപ്പോൾ ക്ലിഷ്ടത അനുഭവപ്പെട്ടുവെന്നുവന്നേക്കാം.

അറബിയും മലയാളവും ചേരുന്ന മറ്റൊരു മണിപ്രവാളശൈലിതന്നെയാണ് അറബിമലയാളവും. മുഹ്‌യിദ്ദീൻമാലയുടെ രചനാകാരൻ ഇക്കാര്യം ഭംഗ്യന്തരേണ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

മുത്തുംമാണിക്കവും വൊന്നായ്കോത്തഫോൽ

മുഹ്‌യിദ്ദീൻമാലന കോത്തൻഞാൻ ലോകരെ

മണിപ്രവാളത്തിന്റെ ഭാഷാപ്രയോഗം തികച്ചും സാങ്കേതികവും നിർദ്ദിഷ്ട ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്നതുമാണ്. എന്നാൽ അറബിമലയാളത്തിൽ അറബിപദങ്ങളുടേയും മറ്റുപദങ്ങളുടേയും പ്രയോഗങ്ങൾക്ക് പ്രത്യേകിച്ച് നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. മലയാളത്തിൽ രചന നിർവ്വഹിക്കുന്നു എന്ന പൂർണ്ണവിശ്വാസത്തിലാണ് അറബിമലയാള എഴുത്തുകാർ കൃതികൾ രചിക്കുന്നത്.

> യിദിന്റെ ഫേര് ബയിതുല്ലിയം യെന്നായിരിക്കും. മേൽഫറഞ്ഞ കിതാബുകളിൽ നിന്ന് യെല്ലാം കൂട്ടിയെടുത്ത് മലയാളത്തിൽ ഈ കിതാബിനെ യെല്ലാമലയാളക്കാർക്കും ഫടിക്കലും മനഫ്ഫാടമിടലും യെളുഫ്ഫമാവാൻ വേണ്ടിയും ................. (കോയക്കുട്ടിതങ്ങൾ, വർഷം വ്യക്തമല്ല)
>
> ഉലമാക്കൻമാരും ഹുക്കമാക്കൻമാരും ഫലെ ഫലെ ബാശകളിലായി വളെര കിതാബുകളേയും യേടുകളേയും ഉണ്ടാക്കി നടത്തിയിരിക്കുന്നു. നമ്മുടെ മലയാളബാശയിൽ അദുകളെ വകയിൽ ഫ്റമാണ്ക്കത്തക്കവണ്ണം മദിയായദ് യാദൊന്നും യിദുവരെ ഉണ്ടാക്കഫെട്ടദ് കാണായ്കയാൽ ഈ ഉഫകാരം എന്ന തർജ്ജമനെ യിദാ നമ്മളുണ്ടാക്കുന്നു (അഹമ്മദ് മുസ്ല്യാർ, വർഷം വ്യക്തമല്ല :2)

എന്നിങ്ങനെ രചന നടത്തുന്നത് മലയാളത്തിലും മലയാളികൾക്കും വേണ്ടിയാണ് എന്ന് വ്യക്തമായിതന്നെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അറബിമലയാളം മറ്റൊരു സവിശേഷഭാഷയോ ഭാഷാമിശ്രമോ അല്ല. മറിച്ച് മലയാളത്തിന്റെ ഒരു സാമൂഹിക ഭാഷാഭേദം മാത്രമാണ്. പരിഷ്ക്കരിച്ച അറബിലിപിയിൽ മാപ്പിളവാമൊഴി രേഖപ്പെടുത്തിയതാണിത്. പദസഞ്ചയത്തിലും സാഹിത്യശാഖകളിലും രചനാസങ്കേതങ്ങളിലും തനതും വൈവിധ്യപൂർണ്ണവുമായ ചില സവിശേഷതകൾ പുലർത്തിപ്പോരുന്നുവെന്നുമാത്രം.

മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും വിശാലഭൂമികയിൽ അറബിമലയാളത്തിന് അതിന്റേതായ സ്ഥാനമുണ്ട്. കൈരളിക്ക് മാപ്പിളമാരുടെ മഹത്തായ സാഹിത്യസംഭാവനയാണ് അറബിമലയാളവും അതിന്റെ സാഹിത്യവും.


1. അബു, ഒ.അറബിമലയാളസാഹിത്യചരിത്രം. കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ.1970
2. കരീം, സി.കെ.പ്രാചീനകേരളവും മുസ്ലീം ആവിർഭാവവും. കോഴിക്കോട്: ഇസ്ലാമിക് സാഹിത്യ അക്കാദമി.1999
3. ഷംസുദ്ദീൻ, കെ.ഒ. മാപ്പിളമലയാളം - ഒരു ഭാഷാമിശ്രം. തിരുവനന്തപുരം: കേരള യുനിവേഴ്സിറ്റി.1978
4. മുഹ്‌യിദ്ദീൻ, എം, മാപ്പിളപ്പാട്ടുകളുടെ സാഹിത്യസാംസ്കാരികമൂല്യങ്ങൾ - മോയിൻകുട്ടിവൈദ്യരുടെ കൃതികളെ ആധാരമാക്കി ഒരു പഠനം (അപ്രകാശിത ഗവേഷണ പ്രബന്ധം). കാലിക്കറ്റ് യൂണിവേഴ്സിറ്റി.1992
4. മുഹമ്മദ്കുഞ്ഞി, പി.കെ, മുസ്ലിമീങ്ങളും കേരളസംസ്കാരവും. തൃശൂർ: കേരളസാഹിത്യ അക്കാദമി.1982
5. കാരശ്ശേരി, എം.എൻ., പുലിക്കോട്ടിൽ ഹൈദറുടെ കൃതികൾ. വണ്ടൂർ: മാപ്പിളകലാസാഹിത്യവേദി.1979